**അടിയന്തരപ്രമേയം**

**വരൾച്ച**

മി. സ്പീക്കർ: അതിരൂക്ഷമായ വരൾച്ചാകെടുതികളിലേയ്ക്ക് സംസ്ഥാനം കടന്നുപോകുന്ന സാഹചര്യത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനോ, കുടിവെള്ളമെത്തിക്കുന്നതിനോ വാട്ടർ അതോറിറ്റിയുടെ ജലവിതരണ സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കുന്നതിനോ സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഷാഫി പറമ്പിൽ, സി. മമ്മൂട്ടി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരളം ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും രൂക്ഷമായ വരൾച്ചയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റാണ് 03.03.2017-ൽ ഈസഭയിൽ നടത്തിയത്. കാലവർഷം കഴിഞ്ഞ തവണ വളരെ കുറവായിരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 34 ശതമാനം വരെ കാലവർഷം

കുറവായിരുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെ നീണ്ടുനിൽക്കുന്ന വടക്ക്-കിഴക്കൻ കാലവർഷം (തുലാവർഷം) ദീർഘകാല ശരാശരിയുടെ 62 ശതമാനം വരെ കുറവായിരുന്നു. വേനൽ മഴ ഇത്തവണ പ്രതീക്ഷിച്ചതുപോലെ ലഭിച്ചിട്ടില്ലെന്ന ഒരു വിഷയവുമുണ്ട്. ഈ സാഹചര്യങ്ങളും സെപ്റ്റംബർ വരെയുള്ള മഴയുടെ കുറവ് കണക്കിലെടുത്തുകൊണ്ടും ഒക്ടോബർ മാസത്തിൽ തന്നെ അതിന്റെ ഗൗരവാവസ്ഥ പരിഗണിച്ച്, അതുമായി ബന്ധപ്പെട്ട നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിക്കുകയാണുണ്ടായത്. അതല്ലാതെ ഗവൺമെന്റ് കാഴ്ചക്കാരായി നിൽക്കുകയല്ലായിരുന്നു. 28.10.2016-ൽ തന്നെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് കേരളത്തിലെ എല്ലാ ജില്ലകളും വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. അതിനെത്തുടർന്ന് 31.10.2016-ൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഇരുപത്തിയാറിന പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ജില്ലകളിൽ ഓരോ മന്ത്രിമാർക്കും ചുമതല നൽകുകയും കേരളത്തിലെ മുഴുവൻ ജില്ലകളിലേയും അന്നത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് പ്രശ്നം ചർച്ച ചെയ്യാനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി

ചുമതലപ്പെടുത്തുകയുമാണ് ചെയ്തത്. വളരെ ഗൗരവതരമായ പരിഗണനയാണ് ഗവൺമെന്റ് നൽകിയതെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സെപ്റ്റംബർ വരെയുള്ള മഴയുടെ കുറവ് കണക്കിലെടുത്തുകൊണ്ട് ഒക്ടോബറിൽതന്നെ നടപടികളുമായി മുന്നോട്ട് പോകുകയാണ് ചെയ്തത്. അതോടൊപ്പംതന്നെ ഏതാണ്ട് ഓരോ ജില്ലകൾക്കും 50 ലക്ഷം രൂപ പ്രാഥമികമായി ഈ ആവശ്യത്തിലേയ്ക്ക് നീക്കിവയ്ക്കുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങൾ കാട് വിട്ട് നാട്ടിലിറങ്ങുന്നതുസംബന്ധിച്ച ഗൗരവതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുവാൻ വളരെ നേരത്തെതന്നെ ബന്ധപ്പെട്ട വകുപ്പ് പ്രത്യേകിച്ച് ചീഫ് സെക്രട്ടറിയും റവന്യൂ വകുപ്പുസെക്രട്ടറിയും ആഭ്യന്തര വകുപ്പുസെക്രട്ടറിയും വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി 26.11.2016-ന് തന്നെ ചർച്ച നടത്തി അതിന്റെ നടപടികൾക്ക് തുടക്കം കുറിച്ചു. ഞാൻ ചൂണ്ടിക്കാണിക്കുന്നത് സെപ്റ്റംബർ മാസംവരെ പെയ്യേണ്ട മഴ പെയ്യാതെ പോയപ്പോൾ ഒക്ടോബറിൽതന്നെ പ്രഖ്യാപനം നടത്തുകയും അതുമായി ബന്ധപ്പെട്ട് അടിയന്തരമായി പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലകളുടെ ചുമതല മന്ത്രിമാർക്ക് നൽകുകയും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ അതീവ

ഗൗരവതരമായേക്കാനിടയുള്ള ഇന്നത്തെ വരൾച്ചയെ മുൻകൂട്ടി കണ്ടുകൊണ്ട് മറ്റ് നടപടികൾക്ക് തുടക്കം കുറിക്കുകയുമാണ് ചെയ്തത്. ഒക്ടോബറിൽ ഈ നടപടികൾ പ്രഖ്യാപിച്ചശേഷം ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ചുവരെയുള്ള എല്ലാ മാസങ്ങളിലും വരൾച്ചയുടെ രൂക്ഷത സംബന്ധിച്ച ഗൗരവതരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് വീഡിയോ കോൺഫറൻസ് നടത്തുകയും മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ജില്ലകളിൽ ജനപ്രതിനിധികളുൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥ തലത്തിലുള്ള യോഗങ്ങൾ നടത്തുകയും അതിനുശേഷം ബന്ധപ്പെട്ട റിവ്യൂ നടത്തുന്നതിനായി ചുമതലപ്പെടുത്തിയ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് ആലോചനായോഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഇതെല്ലാം യഥാവിധി ഓരോ സന്ദർഭത്തിലും മാസങ്ങളിലും നടത്താനുള്ള നടപടികൾ സ്വീകരിച്ചു. 31.01.2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തിരം ജില്ലകളിലെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു. അതായത് ഒക്ടോബർ, നവംബർ, ഡിസംബർ തുടങ്ങി എല്ലാ മാസങ്ങളിലും ഈ

നടപടികൾ തുടരുകയാണുണ്ടായത്. ഇതിനെക്കുറിച്ച് നടത്തിയ പരാമർശത്തോട് ഒരു വിധത്തിലും യോജിക്കുവാൻ കഴിയുന്നില്ലെന്നുള്ളതുകൊണ്ടാണ് ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. 17.02.2017-ന് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം വാണിജ്യ വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിക്കുന്നത് ഭൂഗർഭ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ, ജലചൂഷണം അവസാനിപ്പിക്കണമെന്ന ഒരു പൊതു നിർദ്ദേശംതന്നെ സർക്കാരിൽനിന്ന് പോയിട്ടുണ്ട്. 20.02.2017-ലെ ഉത്തരവ് പ്രകാരം എല്ലാ ജില്ലകൾക്കും കൂടി 22.5 കോടി രൂപ കുടിവെള്ള വിതരണത്തിനായി വീണ്ടും അനുവദിക്കുകയും ചെയ്തു. പാലക്കാടും വയനാടും ഒഴികെയുള്ള ജില്ലകൾക്കെല്ലാംകൂടി 1.5 കോടി രൂപയാണ് അനുവദിച്ചത്. നേരത്തെ 50 ലക്ഷം രൂപ അനുവദിച്ചിരുന്ന ആ ജില്ലകൾക്കെല്ലാം ഇതുൾപ്പെടെ 2 കോടി രൂപയായി. വയനാട് ജില്ലയ്ക്ക് ഈ സന്ദർഭത്തിൽ അനുവദിച്ച 2 കോടി രൂപ കൂടി ഉൾപ്പെടെ 2.5 കോടി രൂപയായും പാലക്കാട്ട് ജില്ലയ്ക്ക് അനുവദിച്ചിരുന്ന 2.5 കോടി രൂപ ഉൾപ്പെടെ 3 കോടി രൂപയുമാണ് കുടിവെള്ള വിതരണത്തിനായി അനുവദിച്ചത്. ഇതിനുവേണ്ടിയുള്ള നടപടികളുടെ ഭാഗമായി വാട്ടർ കിയോസ്കുകൾ

സ്ഥാപിക്കുന്നതിനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ച് കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് എല്ലാ സംവിധാനങ്ങളും ഒരുക്കുവാൻ ഗവൺമെന്റ് കാലേക്കൂട്ടി തുടക്കം കുറിച്ചു. ഗവൺമെന്റിന്റെ ആ നടപടികൾ പൂർത്തീകരിക്കുന്നതിന് അൽപം സാവകാശം നേരിട്ടു. ടാങ്കുകൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യം വന്നപ്പോൾ, ഇതിന്റെ ഭാഗമായി ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ബന്ധപ്പെട്ടവർക്കെല്ലാം നിർദ്ദേശം നൽകുകയും ആവശ്യമായ പ്രദേശങ്ങളിൽ, ജില്ലകളിൽ അപൂർവ്വം ചിലയിടങ്ങളിൽ നവംബർ മാസത്തിൽ തന്നെ വെള്ളം വിതരണം ചെയ്തുതുടങ്ങുകയുമുണ്ടായി. ആലപ്പുഴ പോലുള്ള ചില ജില്ലകളിൽ ഓരുവെള്ളം കയറിയതിനെത്തുടർന്ന് കൈനകരി പഞ്ചായത്തിൽ നവംബറിൽ തന്നെ വെള്ളം വിതരണം ചെയ്തു തുടങ്ങി. അങ്ങനെ നവംബറിലും ഡിസംബറിലും ജനുവരിയിലുമായി തുടർന്നങ്ങോട്ട് അത്യാവശ്യം വരുന്ന പ്രദേശങ്ങളിലെല്ലാം കളക്ടർമാർക്ക് ലഭിക്കുന്ന പരാതികൾ പരിഗണിച്ചുകൊണ്ട് വെള്ളം വിതരണം ചെയ്യേണ്ട സ്ഥലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാരും റവന്യൂ

വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ജില്ലകളിൽ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും യഥാസമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 06.03.2017-ൽ അതായത് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം വിളിക്കുകയും വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഈ യോഗത്തിൽ ഫണ്ട് വിനിയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലകളിൽ വരൾച്ച നേരിടുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിരിക്കുകയാണ്. ഇതിന്റെ ആവശ്യത്തിലേയ്ക്ക് ഇനി വേണ്ടിവരുന്ന ഫണ്ട് അനുവദിക്കുന്നതിന് ഒരു പ്രയാസവുമില്ലെന്ന് ചൂണ്ടിക്കാണിച്ചിരിക്കുകയുമാണ്. അതോടൊപ്പംതന്നെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി ആ കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നതാണ്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, ജലനിധി എന്നിവയുടെ സംയുക്ത പരിശ്രമത്തിലൂടെ ഒരു പുതിയ ജലോപയോഗ സംസ്കാരം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിട്ടുണ്ട്. 320 കോടി രൂപ

ചെലവിട്ട് ഏകദേശം 9,543 കുളങ്ങൾ നവീകരിച്ച് ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികളും നടന്നുവരുന്നു. ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തുക, പൈപ്പ് ലൈനുകളുടെ സ്ഥിതിയും ദൈർഘ്യവും മെച്ചപ്പെടുത്തി ജലനഷ്ടം ഒഴിവാക്കുക, ജലലഭ്യത വ്യാപിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം ജലവിഭവ വകുപ്പിന്റെ മുൻകയ്യോടുകൂടി നടക്കുകയാണ്. യഥാർത്ഥത്തിൽ വലിയ വരൾച്ചയാണ് നമ്മുടെ സംസ്ഥാനം നേരിടുന്നത്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ തുലാവർഷംകൂടി ചതിച്ചതിനെത്തുടർന്ന് വലിയ പ്രയാസം നേരിടുകയാണ്. പ്രകൃതിയുടെ വികൃതിയെന്ന് പറയാവുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. അതിന്റെ അത്യന്തം ഗൗരവതരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് എല്ലാതരത്തിലുള്ള മനുഷ്യസാധ്യമായ പ്രതിരോധ പ്രവർത്തനങ്ങളും നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അരിയുടെ വില 50 രൂപ എത്തിയപ്പോൾ ഈ സഭയിൽ ചർച്ചയില്ല, സ്ത്രീ സുരക്ഷയെ സംബന്ധിച്ച് പ്രധാനപ്പെട്ട ആശങ്കകൾ ഉണർന്നപ്പോഴും സഭയിൽ ചർച്ചയില്ല, ഇപ്പോൾ വരൾച്ചമൂലം കഷ്ടപ്പെടുന്ന

ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ, കുടിക്കുന്ന വെള്ളം ലഭിക്കാൻ പ്രയാസപ്പെടുമ്പോൾ, അതും ചർച്ചചെയ്യാൻ നാമൊരുക്കമല്ല. പിന്നെ ശ്രീ. ഡൊണാൾഡ് ട്രംപ് മെക്സിക്കൻ അതിർത്തിയിൽ കെട്ടാൻ പോകുന്ന മതിലിനെക്കുറിച്ച് ഇവിടെയൊരു ചർച്ചയാകാമോ എന്ന് സർക്കാരിനോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് തന്നെ സൂചിപ്പിച്ചു, നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയാണ് ഈ നാട് നേരിടുന്നത് എന്ന്. നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയാണ് കേരളം നേരിടുന്നതെങ്കിൽ അത് കേരളത്തിന്റെ നിയമസഭയിലല്ലാതെ വേറെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? ഈ 140 ജനപ്രതിനിധികളും കുടിവെള്ള പ്രശ്നത്തെക്കുറിച്ചുള്ള പരാതികൾ നിരന്തരം കേൾക്കുന്നവരാണ്. കരയുന്ന ആളുകളുണ്ട്. വഴക്കുപറയുന്നവരുണ്ട്, ചൂടാകുന്നവരുണ്ട്, കേണപേക്ഷിക്കുന്നവരുണ്ട്, വെള്ളം ലഭിക്കണമെന്ന ആവശ്യം പല വിധത്തിൽ ഈ ഇരിക്കുന്ന 141 പേരുടേയും മുമ്പിൽ പലതവണയായി വരുന്നുണ്ട്. അത്തരം ഗുരുതരമായ ഒരു പ്രശ്നം വരുമ്പോൾ അത് ഈ സഭയുടെ മറ്റെല്ലാ നടപടിക്രമങ്ങളും നിർത്തിവെച്ച് ചർച്ച ചെയ്യുക എന്നുള്ളത് കേരളത്തിലെ ജനകീയ പ്രശ്നങ്ങളെ ബാധിക്കുന്ന ഏത് കാര്യങ്ങളിലും ഇടപെടാൻ ഒരുക്കമുള്ളവരെ

സംബന്ധിച്ചിടത്തോളം ഭൂഷണമാകും. എന്തുകൊണ്ട് ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ച ചെയ്യാൻ നമ്മൾ തയ്യാറാകുന്നില്ല. അങ്ങ് തന്നെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രശ്നത്തെ നാം നേരിടുകയാണ് എന്ന്. ഒരുക്കങ്ങൾ ഒന്നും തന്നെ നാം നടത്തിയിട്ടില്ല എന്ന ആക്ഷേപമൊന്നും, അല്ലെങ്കിൽ അത് നടത്താനുള്ള മനസ്സില്ലാ എന്നൊന്നും ഞങ്ങൾ ആക്ഷേപിക്കുന്നില്ല, ഞാൻ സത്യസന്ധമായിത്തന്നെ പറയുകയാണ്. പക്ഷേ ഒരു കാര്യം ഏട്ടിലെ പശു പുല്ല് തിന്നില്ല എന്നുള്ളത് ഇനിയെങ്കിലും ഈ സർക്കാർ തിരിച്ചറിയണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടിയ യോഗങ്ങളുടെ കണക്കോ, കൊടുത്തയച്ച സർക്കുലറുകളുടെ കണക്കോ, നൽകിയ നിർദ്ദേശങ്ങളുടെ കണക്കോ, നാട്ടിൽ വെള്ളമെത്തിക്കുകയില്ല എന്നുള്ളത് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. വെള്ളത്തിന് ജനം പ്രയാസപ്പെടുകയാണ്, ഭാരതപ്പുഴ മാത്രമല്ല വറ്റി വരണ്ടിരിക്കുന്നത്, അതിന്റെ കൈവഴികൾ പോലും ഇവിടെ പുഴയുണ്ടായിരുന്നു എന്നുള്ള തരത്തിലുള്ള ചിത്രീകരണം വരുന്ന തരത്തിലേയ്ക്ക് നമ്മൾ മാറിയിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ ദുരന്തത്തെ നമ്മൾ

നേരിട്ടതിന് ആനുപാതികമായ ഒരു താരതമ്യം ഈ വർഷം നമുക്ക് സാധ്യമല്ല. ഇവിടെ സൂചിപ്പിച്ച മഴയുടെ കുറവ് അത്രയും അധികമാണെന്ന്, മന്ത്രി തന്നെ കണക്കുകൾ വ്യക്തമാക്കി സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു സാഹചര്യം വരുമ്പോൾ നമുക്കിതിനെ നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ വേണം. കിയോസ്കുകൾ ഊ ദുരന്തത്തെ നേരിടാൻ കാരണമാകുമെന്ന് ഈ ഗവൺമെന്റിനെ ആരാണ് ഉപദേശിച്ചത് എന്ന് അറിയില്ല, ആര് ഉപദേശിച്ചാലും അവർക്ക് ഈ ഗവൺമെന്റ് ഒരു തുഗ്ലക്ക് പട്ടം നൽകാൻ തയ്യാറാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു വാർഡിലേയ്ക്ക് ഒരു കിയോസ്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുമെന്ന് പറയുന്നു, പിന്നീട് ഒരു പക്ഷേ ഗുണപരമായി മാറുമെന്ന് ഞങ്ങളും ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു. ഒരു വാർഡിലെ രണ്ടായിരമോ രണ്ടായിരത്തി അഞ്ഞൂറോ ആളുകൾക്ക്, വോട്ടർമാർ മാത്രമല്ലല്ലോ വാർഡുകളിൽ ഉള്ളത്. കുട്ടികൾ ഉൾപ്പെടെ ഒരുപാട് ആളുകൾ ജീവിക്കുന്ന ഒരു പ്രദേശത്തേയ്ക്ക് ഒരു കിയോസ്ക് എത്തിച്ചുകൊടുത്ത്, ആ കിയോസ്ക് വഴി നൂറ്റാണ്ടിലെ ഒരു ദുരന്തമായ ഈ വരൾച്ചയെ നേരിടാൻ സാധിക്കുമെന്ന് ആരാണ് ഈ ഗവൺമെന്റിനെ

ഉപദേശിച്ചത്? ആ കിയോസ്കിന്റെ കപ്പാസിറ്റി 5000-മോ 10000-മോ ലിറ്റർ വരും. ആ കിയോസ്കിലേയ്ക്ക് വെള്ളമെത്തിച്ച കൊടുക്കുന്നത് വീണ്ടും ടാങ്കർ ലോറിയിൽത്തന്നെയാണ്. കിയോസ്ക് സ്വന്തമായി വെള്ളം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു സങ്കേതമല്ലല്ലോ. ആ കിയോസ്ക് വഴി കുടിവെള്ള ക്ഷാമത്തിന് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഒരു കാര്യം പറയാം, പാലക്കാട് ജില്ലയിൽ ഉൾപ്പെടെ ഞങ്ങൾ അന്വേഷിച്ച. നിർമ്മിതി കേന്ദ്രം കിയോസ്ക് വയ്ക്കാനുള്ള സ്റ്റാൻഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത കാലവർഷത്തിൽ മഴ നമ്മളെ പെയ്ത് അനുഗ്രഹിക്കുമ്പോഴെങ്കിലും ഈ സ്റ്റാൻഡിന്റെ പണിയെങ്കിലും ഒന്നു തീർന്നാൽ മതിയായിരുന്നുവെന്ന് പ്രാർത്ഥിക്കുന്ന തരത്തിലേയ്ക്ക് നമ്മൾ മാറേണ്ടി വരികയില്ലേ? ഈ കിയോസ്കുകൾ സ്ഥാപിക്കാൻ ഉള്ള ടാങ്കിന്റെ നിർമ്മാണമാണത്രേ ഇപ്പോൾ നടന്നുക്കൊണ്ടിരിക്കുന്നത്. ഇത് മാർച്ച് മാസമാണ്. ഏപ്രിലും, മേയും വളരെ ഗുരുതരമായി നമ്മളെ കാത്തിരിക്കുകയാണ്. ഈ കിയോസ്കുകൾവഴി വെള്ളം നൽകി ഈ പ്രശ്നങ്ങളെ നേരിടാൻ കഴിയുമെന്ന് നമ്മൾ വിശ്വസിക്കുന്നുണ്ടോ? ഈ ഇരിക്കുന്ന അംഗങ്ങളിൽ പലർക്കും ഇതിലും

പ്രായോഗികമായ, ഇതിലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാനുണ്ടാകും, ഒരു സംശയവും വേണ്ട, അവരുടെ നിർദ്ദേശങ്ങൾ ഈ സഭ നിർത്തിവെച്ച് ചർച്ച ചെയ്ത്, അവരിൽനിന്ന് കേൾക്കാൻ നമ്മുടെ ഗവൺമെന്റ് തയ്യാറാകേണ്ടതല്ലേ? അതിനുവേണ്ടി നമ്മൾ തയ്യാറാകേണ്ടേ? പാടങ്ങൾ കരിഞ്ഞുണങ്ങി എന്ന വാർത്ത നമുക്ക് പുതുമയല്ലാതായി മാറിയിരിക്കുകയാണ്. ഞാൻ ഇതിന്റെ രാഷ്ട്രീയമല്ല പറയാൻ ഉദ്ദേശിക്കുന്നത്, ആ പാടങ്ങൾ കരിഞ്ഞുണങ്ങി എന്ന വാർത്ത നമുക്ക് പുതുമയല്ലാതായി മാറിയിരിക്കുന്നു. എത്ര ഹെക്ടർ കൃഷിയാണ് ഇവിടെ നശിച്ചുകൊണ്ടിരിക്കുന്നത്. 30000-ത്തിലധികം ഹെക്ടർ കൃഷി കേരളത്തിൽ നശിച്ചുവെന്ന് പറയപ്പെടുന്നു. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി എന്നും പറയപ്പെടുന്നു. കർഷക കുടുംബത്തിന്റെ അന്നം മുട്ടുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. വെള്ളത്തിന്റെ കുറവ് മാത്രമല്ല, ഈ വരൾച്ച നമുക്കുണ്ടാക്കുന്ന അപകടങ്ങൾ, ജലസംഭരണികൾ വളരെ ദയനീയമായ സ്ഥിതിയിലാണെന്ന് പറയുന്നു. വൈദ്യുതി പ്രതിസന്ധിയുണ്ടാകാൻ കാരണമാകുമെന്ന് പറയുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളെപ്പോലെ ഈ കിയോസ്കുകളിലേയ്ക്ക് ആണെങ്കിലും

അല്ലെങ്കിലും വെള്ളം കിട്ടുന്നതിനുവേണ്ടി കിലോമീറ്ററുകളോളം താണ്ടിപ്പോകേണ്ട അവസ്ഥയിലേയ്ക്ക് 44 നദികളുള്ള ഈ കേരളം മാറിക്കൊണ്ടിരിക്കുമ്പോൾ ആ ഗുരുതരമായ പ്രശ്നത്തെ നേരിടാൻ, അതു ചർച്ചചെയ്യാൻ, അതിനു പരിഹാരം നിർദ്ദേശിക്കാൻ, ഈ നിയമസഭയ്ക്ക് കഴിയുന്നില്ലെങ്കിൽ നമ്മളെ തെരഞ്ഞെടുത്തയയ്ക്കുന്ന ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്ന് പറയാതിരിക്കാൻ സാധിക്കുമോ? ഈ നിയമസഭ ചർച്ച ചെയ്തേ മതിയാകൂ, ഈ പ്രശ്നം നമ്മൾ ചർച്ചചെയ്യുന്നത് കേൾക്കാൻവേണ്ടി കാത്തിരിക്കുകയാണ് കേരളത്തിലെ ജനങ്ങൾ. അത് വളരെ ഗൗരവകരമാണ്. 70 ലക്ഷത്തിലധികം കിണറുകൾ ഉള്ള നാടാണ് കേരളമെന്ന് കണക്കുകൾ പറയുന്നുണ്ട്, 70 ലക്ഷത്തിലധികം കിണറുകൾ ഓരോ പുരയിടത്തിലുമായി നമുക്ക് ഉണ്ട്. ആ കിണറ്റിലെ വെള്ളമാണ് ഭൂരിഭാഗം വരുന്ന ആളുകളും നഗര പ്രദേശങ്ങളിലെ പൈപ്പ് ലൈൻ ഉൾപ്പെടെ കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. കണക്കുകൾ പറയുന്നതെന്താണ് - 81.73 ശതമാനം കിണറുകളിലും അതായത് 70 ലക്ഷത്തിന്റെ 81.73 ശതമാനം കിണറുകളിലും ജലനിരപ്പ് 4 മുതൽ 5 മീറ്റർ വരെ

താഴ്ന്നിരിക്കുന്നുവെന്ന അപകടകരമായ ഒരു സൈറൺ മുഴങ്ങിക്കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ കിണറുകളിലെ വെള്ളം, ജലനിരപ്പ് ഏറ്റവും താഴെയായി പോയിക്കൊണ്ടിരിക്കുന്നു. വ്യാപകമായ കൃഷി നാശത്തെക്കുറിച്ച് പറഞ്ഞു, 12399 കർഷകരുടെ 11524 ഹെക്ടർ സ്ഥലം പാലക്കാട് ജില്ലയിൽ മാത്രം നശിച്ചിരിക്കുകയാണ്. മുഴുവനും നെൽകൃഷിയാണ്. നമ്മുടെ നെല്ലറകളിലൊന്നും 13000-ത്തോളം കർഷകരെ ഇപ്പോൾത്തന്നെ, ഈ മാർച്ച് മാസത്തിന്റെ ആദ്യവാരത്തിലെ കണക്കുകൾ എടുക്കുമ്പോൾ അത്രയും പേരെ അത് ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. പാലക്കാട് മാത്രം കൃഷിനാശം കണക്കാക്കപ്പെടുന്നത് കോടിക്കണക്കിന് രൂപയുടേതാണ്, അത് 50 കോടി കടന്നിരിക്കുന്നു. ആലപ്പുഴയിൽ 5600 ഹെക്ടർ, പത്തു നാല്പതു കോടി രൂപയുടെ നഷ്ടം അവിടെ ഉണ്ടായി എന്നുപറയുന്നു. ജലമലിനീകരണം, ഒരു പ്രധാനപ്പെട്ട പ്രശ്നമായി മാറാൻ പോകുന്നു. വന്യമൃഗങ്ങൾ ചത്ത് ഒടുങ്ങുന്നു എന്നു മാത്രമല്ല, കുടിവെള്ളത്തിന് വേണ്ടി നഗരങ്ങളിലേയ്ക്ക് വന്നുതുടങ്ങിയിരിക്കുന്നു. കണ്ണൂർ ടൗണിൽ വരെ പുലി ഇറങ്ങിയിട്ടും, ചൂട് അനുഭവപ്പെടാത്ത തരത്തിൽ ഈ സർക്കാർ പെരുമാറുമ്പോൾ അത്

ഗുരുതരമായ ഒരു വീഴ്ചയായി നമുക്ക് അതിനെ കാണേണ്ടിയിരിക്കുന്നു. ടൗണിൽ പുലിയിറങ്ങിയതിന്റെ ചിത്രം ഇന്നലത്തെ എല്ലാ പത്രങ്ങളിലും നമ്മൾ കണ്ടു, ഒരിറ്റു വെള്ളത്തിനുവേണ്ടി വന്യമൃഗങ്ങൾ ഇവിടെ വന്നിരിക്കുന്നു. പാലക്കാടിലെ വാർത്ത നമ്മൾ വായിച്ചു, അവിടെ പശുക്കൾ ചത്തൊടുങ്ങാൻ തുടങ്ങിയിരിക്കുന്നു. ചത്തൊടുങ്ങുന്ന പശുക്കളെ മലമ്പുഴ ഡാമിലാണ് അറിവില്ലായ്മകൊണ്ടാണോ എന്തോ, അവിടെ കുഴിച്ചിട്ടത്. ഈ നഗരത്തിലെ ലക്ഷക്കണക്കിന് ആളുകൾക്കുള്ള കുടിവെള്ള സ്രോതസ്സാണ്. അത് മലിനപ്പെട്ടതിന്റെ കാരണങ്ങൾ ആരും അന്വേഷിച്ചിട്ടില്ല. ശാസ്ത്രീയമായ ഒരു പരിശോധന ആരും നടത്തിയിട്ടില്ല, പ്രൊഫഷണലായിട്ടുള്ള ഒരു അപ്രോച്ച് ആരും നടത്തിയിട്ടില്ല. എന്തുണ്ടായി എന്ന് അന്വേഷിച്ചു, അവിടെപ്പോയി ആരോ അന്വേഷിച്ചിട്ടു വന്നു, അവിടെ കുഴിച്ചിട്ടു എന്നു പറഞ്ഞു, എന്തെങ്കിലും മാരകമായ പടർന്നു പന്തലിക്കാവുന്ന രോഗങ്ങൾ ബാധിച്ചിട്ടാണോ ഈ കന്നുകാലികൾ ഉൾപ്പെടെ ചത്തൊടുങ്ങുന്നത് എന്ന പരിശോധന പോലും നമ്മൾ നടത്തുന്നില്ലാ എങ്കിൽ കടലാസ്സിൽ ഒതുക്കിക്കൊടുത്ത ഈ നിർദ്ദേശങ്ങൾ, ഈ പറയുന്നതുപോലെ നമ്മുടെ രക്ഷയ്ക്കെത്തുമെന്ന് ഇനിയും

നമുക്ക് പ്രതീക്ഷിച്ചിരിക്കാൻ കഴിയുകയില്ല. ഡോക്ടർ എസ്. ശ്രീകുമാർ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നുണ്ട്, കേരളം മരുഭൂമിയാകും എന്ന്. ഇന്ത്യയിൽ ലഭിക്കുന്ന വാർഷിക മഴയുടെ ശരാശരിയെക്കാൾ 2.8 ഇരട്ടി ഈ കേരളത്തിന് ലഭിക്കുന്നുണ്ട്. രാജസ്ഥാനെക്കാൾ 5 ഇരട്ടി ഈ കേരളത്തിന് ലഭിക്കുന്നുണ്ട്. തമിഴ്നാടിനെക്കാൾ 2.7 ഇരട്ടി ഈ കേരളത്തിന് ലഭിക്കുന്നുണ്ട്. പക്ഷേ നമ്മുടെ പാലക്കാട്ടെ ചൂട് പ്രതീക്ഷിക്കപ്പെടുന്നത് ഇത്തവണ 41.8 ഡിഗ്രിവരെ വർദ്ധിക്കാനാണ് സാധ്യത എന്നു പറയപ്പെടുന്നു. നമ്മൾ മരുഭൂമിയാകാൻ അധികകാലം കാത്തിരിക്കേണ്ടി വരികയില്ല. ക്രൈസിസ്സ് മാനേജ്മെന്റിന്റെ എ.ബി.സി.ഡി. അറിയാത്തവരെപ്പോലെ ഒരു ഗവൺമെന്റിന് നേതൃത്വം നൽകുന്ന ആളുകൾ പെരുമാറരുത്. നമ്മൾ നാല് മാസം മുമ്പ് വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച നടപടി നമുക്കെല്ലാപേർക്കും വേദനാജനകമാണ്. 2016 നവംബർ 1-ാം തീയതി ഈ സംസ്ഥാനം അതിന്റെ 60 വർഷത്തിലേയ്ക്ക് കടക്കുമ്പോൾ അന്നു തന്നെ പത്രങ്ങളിൽ അച്ചടിച്ചു വന്ന വാർത്ത കേരളം ഒരു വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കേണ്ടി വന്നിരിക്കുന്നു എന്നതാണ്. സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റി കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങളിൽ അവർ അപ്പോഴും ആശ്വസിക്കുന്നത് കിയോസ്കുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞാണ്. കേരളത്തിന്റെ ഹെക്ടർ കണക്കിന് വനസമ്പത്ത് കത്തി നശിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദന്റെ മണ്ഡലത്തിലേയ്ക്ക് പാലക്കാട് നിന്ന് പോകുമ്പോൾ, ഒരു പാലം കയറുമ്പോൾ ഒരു ആഭരണം പോലെ കാണുന്ന ചുവന്ന നിറം, വനം നിന്നു കത്തുന്നത് ആണ്. കേരളം നിന്നു കത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ് ......പ്ലീസ് കൺക്ലൂഡ്........പ്ലീസ് കൺക്ലൂഡ്......പത്ത് മിനിട്ടായി.....

ശ്രീ. ഷാഫി പറമ്പിൽ: നമ്മൾ അത് ചർച്ച ചെയ്യാതിരിക്കുന്നത് ഈ നാട്ടിലെ ജനങ്ങളോട് ചെയ്യുന്ന ശരിയാണോ എന്ന് ആലോചിക്കണം. അതുകൊണ്ട് വരൾച്ച എന്നത്......

മി. സ്പീക്കർ: ഇന്ന് അധികം നീട്ടിക്കൊണ്ടുപോകാൻ കഴിയുന്ന ദിവസമല്ല.

ശ്രീ. ഷാഫി പറമ്പിൽ: വളരെ പ്രധാനപ്പെട്ടൊരു വിഷയമായി കണ്ടുകൊണ്ട് ഇത് ചർച്ച ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകണം. വരൾച്ചയെ പ്രൊഫഷണലായി നേരിടാൻ ഗവൺമെന്റ് തയ്യാറാകണം. കാലാവസ്ഥയുടേയും

ജലസ്രോതസ്സിന്റേയും, രണ്ടിന്റേയും പ്രയാസങ്ങൾ നമുക്ക് നേരിടാൻ കഴിയണം. അങ്ങ് ഇവിടെ സ്റ്റേറ്റുമെന്റ് വച്ചതിൽ ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിനെ സമീപിച്ച് പരമാവധി സഹായം നേടിയെടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് പറയുന്നുണ്ട്. ഞങ്ങളും അതിന് പരിപൂർണ്ണമായ പിന്തുണ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. ഉചിതമായ സമയത്തിന് കാത്തു കാത്തിരുന്നിട്ട് അവസാനം ഒരു സഹായം ലഭിക്കുമ്പോൾ ഇവിടെ നമ്മളെല്ലാം ചരിത്രമായി മാറാതിരിക്കാനുള്ള ജാഗ്രത സർക്കാർ കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. അത് ഉചിതമായ സമയമെന്ന് പറയുന്ന കാത്തിരിപ്പ് ഒരു പക്ഷെ അങ്ങ് ഉദ്ദേശിക്കുന്നത് കേന്ദ്രത്തിൽ നിന്ന് സംഘം വന്ന് വിസിറ്റ് ചെയ്യുമ്പോൾ കൂടുതൽ ഗുരുതരമായ സാഹചര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയായിരിക്കും. ഒരു ഇന്ററിം സഹായത്തിനുവേണ്ടിയുള്ള അപേക്ഷ സംസ്ഥാന സർക്കാർ നൽകണം.

മി. സ്പീക്കർ: കൺക്ലൂഡ്......കൺക്ലൂഡ്.....

ശ്രീ. ഷാഫി പറമ്പിൽ: ഗുരുതരമായ സാഹചര്യത്തിൽ വീണ്ടും സമീപിക്കുന്ന തരത്തിൽ, ഇത് ഇന്നും ഇന്നലെയും ഉണ്ടാകുന്നതുപോലുള്ള ഒരു ജനറലായ പ്രശ്നമല്ല. അങ്ങ് തന്നെ മറുപടി പറഞ്ഞതുപോലെ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ടൊരു

വിഷയമാണെങ്കിൽ തീർച്ചയായിട്ടും അതിനെ അത്തരത്തിൽ തന്നെ നേരിടാൻ നമ്മൾ തയ്യാറാകണം. ചൂടുകൊണ്ട് കേരളത്തിന് തീ പിടിക്കുമ്പോൾ ഐസ് കട്ടയിൽ വിറങ്ങലിച്ചിരിക്കുന്ന ആളുകളെപ്പോലെ ഈ ഗവൺമെന്റ് പെരുമാറരുത് എന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് സഭയോട് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിൽ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ നേരത്തെ വിശദീകരിച്ചതുമായി ബന്ധപ്പെട്ട വിഷയം തന്നെയാണ്. ഇതിന്റെ ഗൗരവാവസ്ഥ സ്വാഭാവികമായും അദ്ദേഹത്തിന്റെ ഭാഷയിലും ശൈലിയിലും അവതരിപ്പിച്ചു എന്നതൊഴിച്ചാൽ കേരളം നേരിടുന്ന വരൾച്ചയുടെ രൂക്ഷത സംബന്ധിച്ച് നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ലായെന്നത് അംഗീകരിക്കുകയായിരുന്നു. അതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തിന്റെയൊക്കെ പേരിലാണ് എന്നത്...കിയോസ്കുകൾ സ്ഥാപിക്കാനുള്ള കാരണമെന്ന് പറയുന്നത് കേന്ദ്ര സർക്കാരിന്റെ വരൾച്ചാ മാന്വലിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് 5000 ലിറ്റർ ടാങ്കുകൾ സ്ഥാപിച്ചുകൊണ്ടായിരിക്കണമെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്നാൽ ഇവിടെ ആവശ്യമായിട്ടുള്ളയിടത്തെല്ലാം ടാങ്കർ ലോറിയിൽ വിതരണം ചെയ്യാനും നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. കാരണം കേന്ദ്ര ഗവൺമെന്റിന്റെ സഹായം കൂടി ലഭ്യമാക്കിക്കൊണ്ട് നടപ്പാക്കുന്ന ഒരു പദ്ധതിയിൽ അവരുടെ മാന്വലിൽ നിർദ്ദേശിക്കുന്ന കാര്യങ്ങളെല്ലാം ഒഴിവാക്കിക്കൊണ്ട് നടപ്പാക്കുക പ്രയാസകരമാണെന്ന് എല്ലാവർക്കും അറിയേണ്ടതാണ്. അതിന്റെ ഭാഗമായി കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും കിയോസ്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന കാലതാമസം കണക്കിലെടുത്തുകൊണ്ട് അതിനിടയിൽ വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ടാങ്കർ ലോറികളിലൂടെ നടത്താൻ തീരുമാനിച്ചിരിക്കുകയുമാണ്. ആവശ്യമായിടത്തെല്ലാം ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. മറ്റൊരു പ്രധാനപ്പെട്ട കാര്യം അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ചത് വരൾച്ചയെക്കുറിച്ച് അതിന്റെ രൂക്ഷതയെക്കുറിച്ച് ഞാൻ പറയുന്നത്, നമ്മുടെ ബജറ്റ് പ്രസംഗത്തിലേയ്ക്ക് കടന്നാൽ നമുക്ക് കാണാൻ കഴിയുന്നത് പേജ് 13, 14 ഖണ്ഡിക 24; ഞാൻ ഇതെല്ലാം വായിക്കാൻ മെനക്കെടാതിരിക്കുകയാണ്, ഒരുപാട് സമയമെടുക്കാതിരിക്കാൻ വേണ്ടിയാണ്. പേജ് 75, 76 ഖണ്ഡിക 169, 173, 174, 175.

മി.സ്പീക്കർ: കമന്റൊന്നുമില്ലാതെ മാന്യമായി ഇരിക്കുന്നതിൽ സന്തോഷമുണ്ട്....

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഒരു ഗവൺമെന്റിന് ഈ വിഷയത്തിലുള്ള വ്യക്തമായ ധാരണ പ്രതിഫലിപ്പിക്കുന്ന ബജറ്റ് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വരൾച്ച നേരിടുന്നതിനുവേണ്ടിയുള്ള നടപടികൾ ഒന്നൊന്നായി സ്വീകരിക്കേണ്ടുന്നതിനെ കുറിച്ചും നമ്മുടെ സംസ്ഥാനം നേരിടുന്ന വരൾച്ചയ്ക്ക് കാരണമായ നമ്മൾ തന്നെ പലപ്പോഴും കാണിക്കുന്ന നിരുത്തരവാദപരമായ നിലപാടുകളിൽ നിന്ന് മാറേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്റെ കാര്യങ്ങളാണ് ഇതിനകത്ത് ചൂണ്ടിക്കാണിച്ചത്. ജലസംഭരണത്തെക്കുറിച്ച്, ജലം സംഭരിക്കുന്നതിൽ നമ്മൾ കാണിക്കുന്ന അനാസ്ഥയെക്കുറിച്ച്, നമ്മൾ ജലദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ച്, പ്രകൃതി സംരക്ഷണത്തിൽ നമ്മൾ ചെയ്യേണ്ട നടപടിയെക്കുറിച്ച്, കാലാവസ്ഥ വ്യതിയാനം ഉൾപ്പടെ......

മി.സ്പീക്കർ: പറഞ്ഞു കഴിയട്ടെ....ശ്രീ. എൻ. ഷംസുദ്ദീൻ.....ദയവായിട്ട് ഈ ഒരു പ്രശ്നത്തിലെങ്കിലും രാഷ്ട്രീയം കലർത്താതിരിക്കണം. നാട്ടിലെവിടെയും ഒരു തുള്ളി വെള്ളമില്ല. അതുപോലും ഇങ്ങനെയാക്കരുത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

ഇവിടെ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത് വെള്ളമാണ് ആവശ്യമെങ്കിൽ കാലാവസ്ഥാ വ്യതിയാനം ഉൾപ്പടെയുള്ള സംഭവങ്ങളെ തുടർന്ന് കേരളത്തിലുള്ള സ്ഥിതി....ഇവിടെ ജലസ്രോതസ്സുകളുണ്ടാക്കാൻ ഇപ്പോഴത്തെ മാർഗ്ഗത്തിൽ വേറെ വഴി കാണുന്നില്ലായെന്ന് എല്ലാവർക്കും അറിയാം. ഭാവിയിൽ ഇത്തരമൊരു വരൾച്ചയെ നേരിടുന്നതിന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു എന്നാണ് ഞാൻ പറയുന്നത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എത്രയോ തവണ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം ഞാൻ വിശദമായ സ്റ്റേറ്റുമെന്റും സമർപ്പിച്ചു. അതിലും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്......ഇതൊന്ന് പറയുന്നത് കേൾക്കു....വെള്ളമല്ലേ എല്ലാവർക്കും വേണ്ടത്...കേന്ദ്ര ഗവൺമെന്റിനെ സമീപിക്കേണ്ട വിഷയമാണ്. ഉചിതമായ സമയത്ത് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഷാഫി പറമ്പിലിന് നല്ലതുപോലെ അദ്ദേഹത്തിന് ബോധ്യപ്പെട്ട് തന്നെയാണ് പറഞ്ഞത്. ഇപ്പോഴാണ് ഇത് നൽകുന്നതെങ്കിൽ, ചിലയിടങ്ങളിലെല്ലാം വെള്ളം വല്ലാതെ പമ്പ് ചെയ്യുന്നുണ്ട്. കേന്ദ്രത്തിന്റെ പ്രതിനിധി സംഘം ഇവിടെ എത്തുമ്പോൾ ഒരല്പം പച്ചയും

അങ്ങിങ്ങായി ചില ജലാശയവുമൊക്കെ കണ്ടാൽ നമുക്ക് അർഹമായ പരിഗണന ലഭിക്കാതെ പോകരുത് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഉചിതമായ സമയം എന്നുപറഞ്ഞത്. അത്തരം അനുഭവമുണ്ട്.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അതിലൊരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. വരൾച്ചയുടെ ഗൗരവകരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് മുഖ്യമന്ത്രി ഫെബ്രുവരി മാസത്തിൽ സർവ്വകക്ഷി യോഗം വിളിച്ചു ചേർത്തു. സർവ്വകക്ഷി യോഗത്തിൽ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തു. സർവ്വകക്ഷി പ്രതിനിധി സംഘം കേന്ദ്രത്തിൽ പോകാനും പ്രധാനമന്ത്രി ഉൾപ്പടെയുള്ളവരെ കണ്ട് നിവേദനം നടത്താനും തീരുമാനിച്ചു. ഇന്നലെ മുഖ്യമന്ത്രി ഇവിടെ പ്രതിനിധി സംഘത്തിന് ഇപ്പോഴും പ്രധാനമന്ത്രി അവരെ കാണാൻ കൂട്ടാക്കാത്ത സമീപനം സ്വീകരിക്കുന്നു എന്നത് ചൂണ്ടിക്കാണിച്ചു. അപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അതിനുവേണ്ടിയുള്ള ശ്രമം ഇല്ലാത്തതുകൊണ്ടല്ല. മറ്റൊരു കാര്യം ഞാൻ മുമ്പ് സൂചിപ്പിച്ച മെമ്മോറാണ്ടം സമർപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിലെ മന്ത്രിമാരെ കാണുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് അവിടെ നടത്തിയിട്ടുള്ള കത്തിന് അവർ മറുപടി

നൽകിയിരിക്കുകയാണ്. കുറച്ച് ദീർഘമായതുകൊണ്ട് ഞാൻ അത് ഇവിടെ വായിക്കുന്നില്ല. അതിന്റെ ചുരുക്കം എന്തെന്നാൽ; കേന്ദ്രത്തിലെ മന്ത്രിമാർ ആഭ്യന്തര മന്ത്രിയും കൃഷി മന്ത്രിയും ഇപ്പോൾ ഉത്തർപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലും നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് out of station ആണെന്നും അവർ 6-ഓ, 7-ഓ തീയതിക്ക് ശേഷമാകും തിരിച്ചെത്തുകയെന്നും അതിനുശേഷം വന്നാൽ നേരിൽ കണ്ട് നിവേദനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുമെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് ലഭിച്ചിരിക്കുകയാണ്. ഗവൺമെന്റ് വെറുതെയിരിക്കുകയല്ല. ഇതുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറിയോട് അവരുമായി ബന്ധപ്പെടാനും അവിടെ നിന്ന് നമുക്ക് ആവശ്യമായ രീതിയിൽ സഹായം ലഭ്യമാക്കാനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കേന്ദ്രത്തിലെ മന്ത്രിമാരുടെ അസൗകര്യം കണക്കിലെടുത്ത് അവർ സ്ഥലത്തില്ലാത്ത സാഹചര്യത്തിൽ മറ്റൊരു സമയം കണ്ടെത്തണം എന്ന് തീരുമാനിച്ച് അറിയിച്ചിരിക്കുകയാണ്. അപ്പോൾ ഗവൺമെന്റ് ഈ വിഷയത്തിന്റെ ഗൗരവകരമായിട്ടുള്ള അവസ്ഥ പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. ജലചൂഷണവും ജലദുരുപയോഗവും അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വീടുകൾക്ക് മഴവെള്ള സംഭരണി

വേണമെന്ന് വ്യാപകമായി നമ്മൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇപ്പോഴും പലയിടങ്ങളിലും അതില്ലാത്തതിന്റെ രൂക്ഷത നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ജലചൂഷണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശിച്ചിട്ടുള്ള സർക്കുലറിനെ കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പാലക്കാട് ഉൾപ്പടെ ഇപ്പോൾ കന്നുകാലികൾ ചാകുന്നതിനെ കുറിച്ച് സൂചിപ്പിച്ചു. ഈ വിഷയം ഉൾപ്പടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും അതിൽ സ്വാഭാവികമായും തീറ്റ ലഭിക്കാത്തതുകൊണ്ടും വെള്ളം കിട്ടാത്തതുകൊണ്ടും സംഭവിക്കുന്നതാണെങ്കിൽ അത്തരം അലഞ്ഞ് തിരിയുന്ന കന്നുകാലികളുൾപ്പടെയുള്ളതിനെ, വീടുകളിൽ വളർത്തുന്നതും സംരക്ഷിക്കുന്നതും ഒഴിച്ച് പുറത്ത് ഇറക്കി വിടുന്ന ഇവയെ സംരക്ഷിക്കാനും അവയ്ക്ക് ആവശ്യമായ രീതിയിൽ ഭക്ഷണവും വെള്ളവും നൽകാനുള്ള സംവിധാനങ്ങളുണ്ടാകണമെന്നത് ഉൾപ്പടെ ഇന്നലെ ആലോചിച്ചിരിക്കുകയാണ്. മനുഷ്യനുള്ള ജല ഉപയോഗമാണ് ഏറ്റവും പ്രധാനം എന്ന് കണക്കിലെടുക്കുന്നതോടൊപ്പം കന്നുകാലികളുടെ സംരക്ഷണം കൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികൾ കൂടി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇന്നലെ കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ ഒരു റിപ്പോർട്ട് ലഭിക്കുകയുണ്ടായി.

ശരാശരി 2.5 മീറ്ററാണ് ജലവിതാനം താഴ്ന്നത് എന്നാണ് ഇവിടെ രേഖപ്പെടുത്തിയതെങ്കിൽ കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ജലവിതാനം 4 മീറ്റർ വരെ താഴ്ന്ന് കിടന്നു എന്നാണ് അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അത് ഗൗരവകരമാണ്. വെള്ളമില്ലാതിരിക്കുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ വറ്റി വരളുമ്പോൾ അതിന് പ്രതികൂലമായ കാലാവസ്ഥ നിലനിൽക്കുമ്പോൾ ഇവിടെ ഈ കോലാഹലവും ചർച്ചയും കൊണ്ട് എല്ലാത്തിനും പരിഹാരമുണ്ടാകും എന്ന് പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്. ഏത് തലത്തിലാണ് അത്തരമൊരു നിലപാട് സ്വീകരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തെ കുറിച്ച് ആവശ്യമായ വിധത്തിൽ ചർച്ച ചെയ്യാൻ ഇതിന്റെ പേരിൽ തീരുമാനമെടുക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമായ സാഹചര്യത്തിൽ എല്ലാ നടപടിക്രമങ്ങളും മാസാമാസങ്ങളിൽ കൃത്യമായി പരിശോധന നടത്തിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ ഉള്ള ജലവിഭവങ്ങൾ ഉപയോഗിച്ച് പരമാവധി വെള്ളമെത്തിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്ന ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ കൂടി എല്ലാ തരത്തിലുമുള്ള സഹായവും സഹകരണവും പിന്തുണയും ഇക്കാര്യത്തിലുണ്ടാകണമെന്ന അഭ്യർത്ഥനയോടെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്ന്

ചൂണ്ടിക്കാണിക്കുകയാണ്.

......(ബഹളം).....

മി. സ്പീക്കർ: വരൾച്ചയ്ക്കല്ല. അദ്ദേഹം നടത്തിയ പ്രസംഗത്തിനാണ് കയ്യടി ലഭിച്ചത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, നമ്മുടെ നാട് അഭിമുഖീകരിക്കുന്ന രൂക്ഷമായ വരൾച്ചയെയും കുടിവെള്ളക്ഷാമത്തെയും നേരിടാൻ സാദ്ധ്യമായ എല്ലാ കാര്യങ്ങളും നമ്മൾ ഒരുമിച്ച് ചെയ്യേണ്ടതാണ്. അത്തരം പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുമ്പോൾ എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. 2016 ജൂൺ മാസംതന്നെ കാലവർഷത്തിൽ ഗണ്യമായ കുറവുണ്ടായി. കണക്കുകളിലേക്ക് ഞാൻ പോകുന്നില്ല. തുലാവർഷവും കുറയാൻ സാദ്ധ്യതയുണ്ടെന്ന തിരിച്ചറിവിൽ, 2016 സെപ്റ്റംബർ മാസംതന്നെ വാട്ടർ അതോറിറ്റിയും ജലവിഭവവകുപ്പും ജലസംരക്ഷണത്തിന് ആവശ്യമായി കൈക്കൊള്ളാൻ കഴിയുന്ന നടപടികളിലേക്ക് നീങ്ങുകയുണ്ടായി. വരാൻപോകുന്ന പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നാലോചിച്ച് പരിഹാര പ്രവർത്തനങ്ങൾ അന്ന് നടത്താൻ കഴിഞ്ഞതുകൊണ്ടാണ് വരൾച്ച ഇത്ര രൂക്ഷമായി നിൽക്കുമ്പോഴും നമുക്ക്

ഇപ്പോഴും കുടിവെള്ളം വലിയ പ്രയാസങ്ങളില്ലാതെ, പ്രയാസങ്ങൾ ഇല്ലായെന്നൊന്നും ഞാൻ പറയുന്നില്ല, നൽകാൻ കഴിയുന്നത്. (....ബഹളം. ..... ) അങ്ങ് അതിനെ നെഗറ്റീവായി എടുക്കരുത്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്. സ്രോതസ്സുകളിലുള്ള വെള്ളം പരമാവധി സംരക്ഷിച്ചു നിർത്താനാണ് മുൻകൂട്ടി തീരുമാനങ്ങളെടുത്ത് അത്തരം നടപടികളിലേക്ക് നീങ്ങിയത്. ഇതിനോടകം ജലസേചന വകുപ്പ് ചെയ്തതുകൂടാതെ വാട്ടർ അതോറിറ്റിയുടെ 55 തടയണകൾ നിർമ്മിക്കാൻവേണ്ടി ഭരണാനുമതി നൽകിയതിൽ 40 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. സാധാരണ ഇത് ഏപ്രിൽ മാസം ചെയ്യുന്നതാണ്. 35 എണ്ണം മാത്രമേ കഴിഞ്ഞ വർഷം ചെയ്തുള്ളൂ. ഇതിനോടകം തടയണ നിർമ്മിച്ച് ലഭ്യമായ ജലം സംരക്ഷിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ചില സ്ഥലങ്ങളിലൊക്കെ ഇപ്പോഴും കുടിവെള്ള സ്രോതസ്സുകളിൽ പമ്പിംഗ് നടന്നുകൊണ്ടിരിക്കുന്നത്. വരൾച്ച മുൻകൂട്ടി കണ്ടുകൊണ്ടുതന്നെ ഇൻടേക്ക് വെല്ലുകളും ഗ്യാലറികളും ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ചെളിയും മണ്ണും നീക്കംചെയ്യാനുള്ള നടപടികൾ പൂർത്തീകരിച്ചു. ഗ്യാലറികളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനായി നീർച്ചാലുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും സമയബന്ധിതമായി

പൂർത്തീകരിക്കുകയുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് വളരെ താഴ്ന്നിരിക്കുകയാണ്. ജലസേചനവകുപ്പിന്റെ ഫെബ്രുവരി മാസത്തെ കണക്കുകൾ നോക്കിയാൽ ജലസേചനവകുപ്പിന്റെ അണക്കെട്ടുകളിൽ 45 ശതമാനം കുറവുണ്ട്. കെ.എസ്.ഇ.ബി.യുടെ അണക്കെട്ടുകളിൽ 20.39 ശതമാനം കുറവാണ്. വാട്ടർ അതോറിറ്റിയുട അണക്കെട്ടുകളിൽ 45.94 ശതമാനം കുറവാണ്. അണക്കെട്ടുകളിൽ ജലവിതരണത്തിനാവശ്യമായ ജൂൺ ആദ്യവാരംവരെയുള്ള ജലം സംഭരിച്ച് നിർത്തിയിട്ടുമാത്രമേ മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം വളരെ നേരത്തെതന്നെ ജില്ലാ ഭരണകൂടങ്ങൾക്ക് നൽകാൻ കഴിഞ്ഞു. അതുകൊണ്ടാണ് നമുക്ക് അങ്ങനെയുള്ള ഒരു കരുതൽ എടുക്കാൻ സാധിച്ചത്. വരൾച്ചയുടെ ഭാഗമായി ജലലഭ്യത ഉറപ്പുവരുത്താൻ തടയണകൾ നിർമ്മിച്ചതോടൊപ്പംതന്നെ ചില സ്ഥലങ്ങളിൽ ലവണാംശം കൂടുന്നതും സ്വാഭാവികമാണ്. അത് പരിഹരിക്കുന്നതിനായി ജലസേചനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കനാലുകൾവഴി ആവശ്യമായ സ്ഥലങ്ങളിൽ ജലമെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. കൊല്ലത്ത് പ്രധാനമായും ശാസ്താംകോട്ട തടാകത്തെ ആശ്രയിച്ചാണ് ജലവിതരണം നടത്തുന്നത്. ഇത്തവണ ജലനിരപ്പ് താണുപോയതുകൊണ്ടാണ് കെ.ഐ.പി. കനാൽവഴി കൊല്ലത്ത് ജലം വിതരണം നടത്താൻ കഴിഞ്ഞത്.

വടകരയിൽ കുടിവെള്ള പദ്ധതിയിലുണ്ടായ ലവണാംശത്തിന്റെ അളവ് കുറയ്ക്കാൻ പെരുവണ്ണാമൂഴിയിലെ ജലസേചന കനാൽ വഴി ജലം എത്തിച്ചിട്ടുണ്ട്. ഇങ്ങനെ ഓരോ സ്ഥലത്തും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ ചെറിയ പ്രയാസങ്ങളുണ്ടായി. ചില സ്ഥലങ്ങളിൽ പി.ഐ.പി കനാൽ മുറിഞ്ഞു പോയി. വടശ്ശേരിക്കരഭാഗത്ത് മുറിഞ്ഞുപോയതുകൊണ്ട് പമ്പാ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനത്തിന് വെള്ളം എത്തിക്കാൻ കഴിഞ്ഞില്ല. അത് പുന:സ്ഥാപിക്കാൻ മൂന്ന് മാസത്തോളം സമയം വേണ്ടിവരും. ദ്രുതഗതിയിൽ പണി നടക്കുന്നുണ്ടെങ്കിലും ഈ വരൾച്ചാ കാലത്ത് പി.ഐ.പി. കനാലിലെ വെള്ളം ഉപയോഗിക്കാൻ കഴിയുമോ എന്നുള്ള ഭയപ്പാടുണ്ട്. അവിടെ ചാക്കുകൾവച്ച് നിയന്ത്രിതമായ തോതിൽ ഇപ്പോൾ വെള്ളം വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഡാമിന്റെ കനാൽഭിത്തി തകർന്നുപോയി. ജല അതോറിറ്റിയുടെ പ്രധാനപ്പെട്ട പമ്പ് ഹൗസുകളും അനുബന്ധഘടകങ്ങളും ഇതോടൊപ്പം തകർന്നെങ്കിലും നാലു ദിവസംകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിച്ച് പമ്പിംഗ് പുനരാരംഭിക്കാൻ കഴിഞ്ഞു. ജല അതോറിറ്റിയുടെ ശുദ്ധജല പദ്ധതികളൊക്കെ വൈകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്ന് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .........ബഹളം....

മി. സ്പീക്കർ: അദ്ദേഹം വളരെ പോസിറ്റീവായിട്ടാണ് മറുപടി പറഞ്ഞുകൊണ്ടരിക്കുന്നത്. അതൊന്ന് ശ്രദ്ധിച്ചുകൂടെ. ...ബഹളം.....

ശ്രീ. മാത്യു ടി. തോമസ്: പൂർത്തീകരിക്കാൻ കിഴയുന്ന ജലസേചനപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള അടിയന്തര നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി പശ്ചിമ കൊച്ചിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതികളുണ്ട്. പക്ഷേ, ഇതുവരെയും പൂർത്തിയായിട്ടില്ല. ഈ മാർച്ചിൽതന്നെ അവ പൂർത്തീകരിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ പ്രവൃത്തികൾ നടക്കുന്നു. ഏപശ്ചിമ കൊച്ചിയിൽ 15 ദശലക്ഷം വെള്ളം എല്ലാ ദിവസവും നൽകാനുള്ള പദ്ധതികൾ ഈ മാർച്ചിൽതന്നെ പൂർത്തീകിരക്കും. ആലപ്പുഴ ജില്ലയിൽ യൂഡിസ്മാറ്റ് പദ്ധതിപ്രകാരം 64 ദശലക്ഷംവെള്ളം കൊടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കഴിഞ്ഞ മാസം പൈപ്പിടാനുള്ള ഭൂമിപോലും ലഭ്യമായിരുന്നില്ല. അടിയന്തര ആവശ്യം കണക്കിലെടുത്ത് നെഗോഷ്യേറ്റഡ് പർച്ചെയ്സ് പ്രകാരം ഭൂമി വാങ്ങി പൈപ്പിട്ട് ആലപ്പുഴ പട്ടണത്തിൽ ജലമെത്തികഴിഞ്ഞു. 64 ദശലക്ഷം ജലം ഈ വരൾച്ചാകാലത്ത് പ്രതിദിനം ആലപ്പുഴ പട്ടണപ്രദേശത്ത് വിതരണം ചെയ്യാനുള്ള സംവിധാനം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാലും പ്രശ്നങ്ങളുണ്ട്. പ്രശ്നങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല.

യഥാസമയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമുക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ പൈപ്പുലൈനുകളിൽ ലീക്കുണ്ടാകുന്നുണ്ട്. പ്രഷർ കൂട്ടിവിടുമ്പോൾ ലീക്കുണ്ടാകുന്നു. ലീക്കുകളൊക്കെ 12 മണിക്കൂറിനുള്ളിൽ പരിഹരിക്കണമെന്നുള്ള ഒരു നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലായിടത്തും അത് പൂർത്തീകരിച്ചുകാണുമെന്ന് പറയുന്നില്ല. പൊതുജനങ്ങൾക്ക് പൊതുസ്ഥലങ്ങളിൽ കാണുന്ന ലീക്കുകൾ റിപ്പോർട്ട് ചെയ്യാൻ ടോൾഫ്രീ നമ്പർ പത്രങ്ങളിലൂടെ നൽകിയിട്ടുണ്ട്. ടോൾഫ്രീ നമ്പറിൽ കിട്ടുന്ന പരാതികൾ തത്സമയം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. അതേസമയംതന്നെ ഒരു ഡ്രൗട്ട് മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്; ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ മാർച്ചുമാസം ആദ്യഘട്ടം ആയിട്ടേയുള്ളൂ. കാലവർഷം എപ്പോൾ ലഭ്യമാകുമെന്ന് പറയാൻ സാദ്ധ്യമല്ല. ഇപ്പോൾ ഇത്തരം സംവിധാനങ്ങളും മുൻകരുതലും ചെയ്തെങ്കിൽപോലും ജലത്തിന്റെ ദൗർലഭ്യം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നത് കണക്കിലെടുത്ത് നമ്മുടെ കുളങ്ങളിലും പാറമടകളിലുമുള്ള വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. അത്ര എളുപ്പമുള്ള കാര്യമല്ല, അതിനാവശ്യമായ സാങ്കേതിവിദ്യയുണ്ടാക്കണം. ശബരിമല തീർത്ഥാടന കാലത്ത് നാം അനുഭവിച്ച

ഒരു പ്രതിസന്ധി, ഹൈക്കോടതിയുടെ വിധി പ്രകാരം നിലയ്ക്കൽ മുതൽ സന്നിധാനംവരെയുള്ള സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കുപ്പി ഉപയോഗിക്കാൻ കഴിയുമായിരുന്നില്ല. അവിടെ വലിയ വേഗത്തിൽ തീരുമാനമെടുത്ത് RO പ്ലാന്റുകൾ സ്ഥാപിച്ച് പ്രതിദിനം ഏഴര ലക്ഷം ലിറ്റർ വെള്ളം എല്ലാ ദിവസവും ശുദ്ധീകരിച്ച് നൽകാൻ ജലഅതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തിരുവിതാംകൂർ ദേവസ്വംബോർഡും അയ്യപ്പ സേവാസംഘവും വെള്ളം കൊടുത്തിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം കൊണ്ടു പോകാൻ പാടില്ല എന്ന ഹൈക്കോടതി ഉത്തരവുമൂലം തീർത്ഥാടകർക്ക് ഒരു ബുദ്ധിമുട്ട് ഉണ്ടാകാതെ നമുക്ക് പ്രവർത്തിക്കാൻ കഴിഞ്ഞു.

ആർ.ഒ പ്ലാന്റുകൾ സ്ഥാപിച്ച് കുളങ്ങളിലെ വെള്ളം ശുദ്ധീകരിച്ചാൽ വെള്ളമില്ലാത്ത സ്ഥലങ്ങളിൽ വെള്ളം എടുത്തിക്കാൻ കഴിയും. പുതിയ ആർ.ഒ. പ്ലാന്റുകൾ വാങ്ങാനുള്ള ഭരണാനുമതി സർക്കാർ നൽകിക്കഴിഞ്ഞു. പരിമിതമായ തോതിൽ മാത്രമേ അതിന് കഴിയുകയുള്ളൂ. ഒരു അടിയന്തരസാഹചര്യമുണ്ടായാൽ, ഇന്നുള്ള കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വെള്ളം എത്തിയില്ലായെങ്കിൽ കുളങ്ങളിലെയും പാറമടകളിലെയും വെള്ളം ശുദ്ധീകരിച്ച് എത്തിക്കുന്നതിനുള്ള നടപടികളിലേക്ക് നീങ്ങിയിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖലവഴി വെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ടാങ്കർ

ലോറികളിൽ വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റി റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിലേക്ക് ഞാൻ കടക്കുന്നില്ല. വെള്ളം ദുരുപയോഗം തടയാനുള്ള നടപടിയും ഉണ്ടാകണം. അതിന്റെ വിശദാംശങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. വാട്ടർ അതോറിറ്റി ഇതിനോടകം പ്ലാൻ ഫണ്ടിൽനിന്നും 40 കോടിരൂപയുടെ ഭരണാനുമതി നൽകി പണി പൂർത്തീകരിച്ചു. കൂടുതൽ തുക ആവശ്യമെങ്കിൽ വാട്ടർ അതോറിറ്റി തന്നെ ചെലവാക്കും. അല്ലെങ്കിൽ ഗവൺമെന്റ് തുക നൽകും.

കഴിഞ്ഞ നവംബർ മാസത്തിൽ ഗ്രൗണ്ട് വാട്ടർ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത്, വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖലയും ജലനിധിയുടെ പദ്ധതിയുമില്ലാത്ത സ്ഥലങ്ങളിലുമുള്ള കുഴൽക്കിണറുകൾ, ഹാൻഡ് പമ്പുകൾ എന്നിവ നന്നാക്കി പ്രവർത്തനസജ്ജമാക്കാനുള്ള നടപടി സ്വീകരിച്ചു. 5585 കുഴൽക്കിണറുകൾ, 585 ചെറുകിടജലസേചന സംവിധാനങ്ങൾ തുടങ്ങിയവ സജ്ജീകരിക്കാൻ സർക്കാർ 12 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. 5800-ന്റെ സ്ഥാനത്ത് 6000-ത്തിലധികം ചെയ്യാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഓരോ ജില്ലകളിലും ഇതിന്റെ പണി ഏറ്റെടുത്ത് ചെയ്യാനും ഇത്രയുമെണ്ണം കൂട്ടുതലായി ചെയ്യുന്നതിനും ചില പ്രായോഗിക തടസ്സങ്ങളും

നിലനിൽക്കുന്നുണ്ട്. ഇതിന് കൃത്യമായി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ, ഇറിഗേഷൻ, ജലനിധി, ജലവിഭവം തുടങ്ങിയ വകുപ്പുകൾ ഈ പ്രയാസത്തെ അഭിമുഖീകരിച്ച് ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹകരണത്തോടുകൂടി ഈ പ്രശ്നത്തെ അഭിമുഖീകരിച്ച് അതിജീവിക്കാനുള്ള ശ്രമത്തിലാണ്. ആ ശ്രമത്തിന് എല്ലാവരുടെയും പിന്തുണ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവഗൗരവമായൊരു സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനം പൊതുവിൽ നേരിടുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും വസ്തുതാപരമായിട്ടുള്ളതാണ്. ചില പാടങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിതന്നെ കരിഞ്ഞുപോകുന്നൊരു അവസ്ഥയുമുണ്ടായിട്ടുണ്ട്. ജലസംഭരണികളിൽ ആരേയും അതിശയിപ്പിക്കുന്ന തരത്തിലുള്ള ചോർച്ച, വെള്ളം പെട്ടെന്ന് താഴ്ന്ന്പോകുക തുടങ്ങിയവ സംഭവിക്കുന്നുണ്ട്. കിണറുകൾ, കുളങ്ങൾ മറ്റ് ജലസംഭരണികൾ എന്നിവയിലെല്ലാം വെള്ളമില്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്. വനം കത്തി നശിക്കുന്ന നിലയും ഈ അവസ്ഥയിലുണ്ടായി. ഇതൊക്കെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റമാണെന്ന

തരത്തിൽ ആരോപിക്കണോ എന്നുള്ളത് മാത്രമേ നോക്കേണ്ടതുള്ളൂ. നമ്മുടെ സംസ്ഥാനം നേരിടുന്ന അതീവ ഗൗരവമായ പ്രശ്നങ്ങളാണിത്. ഇത്തരമൊരു സ്ഥിതിവിശേഷത്തിലേക്ക് നാട് എത്തിച്ചേരുന്നതിന് നാം എല്ലാവരും സംഭാവനയും ചെയ്തിട്ടുണ്ട്. അതും നമ്മൾ കാണേണ്ടതായിട്ടുണ്ട്. എങ്ങനെ ഇതിൽനിന്നും രക്ഷപ്പെടാനാകും? സർക്കാർ ചെയ്യുന്ന കാര്യങ്ങളിൽ ഏതെങ്കിലും വീഴ്ചകളോ, ദൗർബല്യങ്ങളോ ഉണ്ടെങ്കിൽ അതിനെ വിമർശിക്കുന്നത് ശരിയാണ്. അതിനപ്പുറം ഈ കാര്യങ്ങൾക്കെല്ലാം ഉത്തരവാദി എൽ.ഡി.എഫ്. സർക്കാരാണ് എന്ന തരത്തിലുള്ള വിമർശനം ഉന്നയിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. കിയോസ്കുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കിയോസ്കുകൾ വഴി ആകെ വെള്ളം വിതരണം ചെയ്യുക എന്നത് സംസ്ഥാന സർക്കാർ കണ്ടിട്ടേയില്ല. എന്നാൽ കിയോസ്കുകൾ സ്ഥാപിക്കണമെന്ന് നേരത്തെയാണ് പറഞ്ഞിരുന്നത്. ഒരു വാർഡിൽ ഒരു കിയോസ്ക് സ്ഥാപിച്ചതുകൊണ്ട് ആ വാർഡിലെ ആളുകൾക്ക് മുഴുവൻ വെള്ളം ലഭിക്കില്ല. ഒരു കിയോസ്ക് സ്ഥാപിക്കേണ്ട നില വരുമ്പോൾ ജനങ്ങളെല്ലാം മുൻകയ്യെടുത്ത് ചിലപ്പോൾ ആ വാർഡിൽത്തന്നെ വേറെ കിയോസ്കുകൾ സ്ഥാപിച്ചുവെന്ന് വരും. അവിടെ വെള്ളമെത്തിക്കുക എന്നത് പ്രായോഗികമായി നല്ലതാണ്. പക്ഷേ, നമ്മുടെ അനുഭവത്തിൽ അതുകൊണ്ട് മാത്രം

പ്രശ്നം പരിഹരിക്കപ്പെടില്ല. വെള്ളം ആവശ്യമുള്ള സ്ഥലങ്ങളിലൊക്കെ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കണമെന്ന് നേരത്തെ തന്നെ തീരുമാനിച്ചു. അതേസമയം സ്ഥാപിച്ച കിയോസ്കുകളിലും വെള്ളം കൊടുക്കും. കിയോസ്കുകളിൽ വെള്ളം നൽകിയാലും ഏതെങ്കിലും ഒരു വാർഡിൽ ഒരു ഭാഗത്ത് വെള്ളം നൽകേണ്ടതുണ്ടെങ്കിൽ ടാങ്കർ ലോറികളിൽ നൽകുന്നതിന് തടസ്സമില്ല. ഇക്കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ആവശ്യമായ വെള്ളമുണ്ട്. പഞ്ചായത്തിന്റെ ഒരു ഭാഗത്ത് മാത്രമേ വരൾച്ചയുള്ളൂ. അവിടെ വെള്ളമില്ല. അത് പഞ്ചായത്തിന് തന്നെ ചെയ്യാൻ സാധിക്കും. വേറൊരു സ്ഥലത്തുനിന്ന് വെള്ളമെടുത്ത് മറ്റൊരു സ്ഥലത്തെത്തിക്കണം. അത് ഒരു പഞ്ചായത്ത് വിചാരിച്ചാൽ സാധിക്കില്ല. അതിനുള്ള നേതൃത്വം ജില്ലാകളക്ടർ വഹിക്കണം. വെള്ളം വാട്ടർ അതോറിറ്റി ഏർപ്പാട് ചെയ്യും. കാരണം ശുദ്ധമായ വെള്ളമായിരിക്കണമല്ലോ? അങ്ങനെ നൽകുന്ന വെള്ളം എത്തിക്കുന്നതിന് ടാങ്കർ ലോറി കളക്ടറാണ് ഏർപ്പാട് ചെയ്യേണ്ടത്. ഇത് വിതരണം ചെയ്യാനുള്ള ചുമതല പഞ്ചായത്തുകൾക്കാണ്. ഇത്രയും വിശദാംശങ്ങളിലേക്ക് സർക്കാർ പോയിട്ടുണ്ട്. എത്ര വെള്ളമാണോ ആവശ്യം അത്രയും വെള്ളം വിതരണം ചെയ്യുക എന്നുള്ളതാണ് സർക്കാരിന്റെ ചുമതല. അതിന് എത്ര പണം ചെലവഴിക്കേണ്ടി വന്നാലും അത്

ചെലവഴിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നയം.

പാടങ്ങൾ കരിഞ്ഞുണങ്ങിയിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. വമ്പിച്ച നഷ്ടം കൃഷിക്കാർക്ക് സംഭവിച്ചിട്ടുണ്ട് എന്നുള്ളതും വസ്തുതയാണ്. അവർക്കാവശ്യമായ നഷ്ടപരിഹാരം സംസ്ഥാന സർക്കാർ നൽകും. അതിലൊരു വീഴ്ചയും വരുത്തില്ല.

ജലസംഭരണികളുടെ ദയനീയ സ്ഥിതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നദികളുടെ എണ്ണത്തെ സംബന്ധിച്ചും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവയെല്ലാം നാം ഒരു അനുഭവപാഠമായി എടുക്കേണ്ടതാണ്. നമുക്ക് വെള്ളം ഒഴുകി പോകാതെ സംരക്ഷിക്കാൻ കഴിയണം. വെള്ളം ഒഴുകി പോകാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ നേരത്തെ ഉണ്ടായിട്ടുള്ള കാര്യങ്ങൾ പരിശോധിക്കണം. ഏതെല്ലാം തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്നുള്ള കാര്യങ്ങളൊക്കെ ഓർത്താൽ മതിയാകും. വെള്ളം സംരക്ഷിക്കാൻ കഴിയേണ്ടതുണ്ട്. അതിനുതകുന്ന നടപടികളിലേക്ക് സർക്കാർ കടക്കും. ഇപ്പോൾ കടക്കേണ്ടതല്ല, ഇതൊക്കെ ഇനി ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്താൽ മാത്രമേ വെള്ളം തടുത്ത് നിർത്താൻ കഴിയുകയുള്ളൂ. ആ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കിണറുകൾ റീ-ചാർജ് ചെയ്യുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കിണറുകൾ റീ-ചാർജ് ചെയ്യുന്നതും കുളങ്ങളും

തോടുകളുമെല്ലാം ശുദ്ധീകരിക്കൽ തുടങ്ങിയതും കാണുന്നുണ്ട്.

പാലക്കാട് ജില്ലയിൽ ഒരു പ്രത്യേക പ്രശ്നം നിലനിൽക്കുന്നുണ്ട്. അവിടെ കൃഷി നശിച്ച പ്രശ്നം മാത്രമല്ല, രണ്ടാംവിള ഇറക്കിയിട്ടുമില്ല. ഈ ആശങ്കകളുള്ളതിനാലാണ് അവിടെ കൃഷിയിറക്കാതിരുന്നത്. അത്തരത്തിലുള്ള പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായ നടപടി സ്വീകരിക്കും. മനുഷ്യരുടെ പ്രശ്നമാണ് നമ്മൾ സാധാരണ ചർച്ച ചെയ്യാറുള്ളത്. എന്നാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വന്യമൃഗങ്ങൾ ചത്തൊടുങ്ങുന്നവെന്നുള്ളത് ഒരു വസ്തുതയാണ്. വന്യമൃഗങ്ങൾക്കായാലും വെള്ളം വേണമല്ലോ, വെള്ളം കാട്ടിലില്ലെങ്കിൽ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്ന സ്ഥിതിയുണ്ടാകും. ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്, കാട്ടിൽത്തന്നെ വെള്ളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നതാണ്. അവിടെ ടാങ്കൽ ലോറികളിൽ വെള്ളം എത്തിക്കേണ്ടതായിവരും. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. അവിടെ കുഴികൾ ഉണ്ടാക്കി, വെള്ളം സംഭരിക്കാൻ കഴിയുന്ന ചില കേന്ദ്രങ്ങളിൽ വെള്ളം സംഭരിക്കണം. അവിടെനിന്നും വെള്ളം മൃഗങ്ങൾക്ക് കിട്ടുന്ന അവസ്ഥയുണ്ടാക്കണം. അതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്, നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുമുണ്ട്.

കണ്ണൂരിൽ പുലിയിറങ്ങിയതിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. പുലി എങ്ങനെ കണ്ണൂരിൽ എത്തിയതെന്ന് പുലിയോട് ചോദിക്കാൻ കഴിയില്ല. കണ്ണൂരിൽ പുലി ഇറങ്ങി എന്നുള്ളത് ശരിയാണ്. പുലി സുഖചികിത്സയിലാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

മലമ്പുഴ ഡാമിനടുത്ത് ചത്ത പശുവിനെ കുഴിച്ചിട്ടുവെന്നുള്ളത് ഗൗരവമേറിയൊരു പ്രശ്നമാണ്. അതിനെ ഗൗരവമായാണ് സർക്കാർ കാണുന്നത്. അതുസംബന്ധിച്ച് ജില്ലാ ഭരണാധികാരികളെ അറിയിച്ചിട്ടുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അവിടെ ബോധവൽക്കരണം എല്ലാവരുംകൂടി നടത്തേണ്ടതുണ്ട്. ജലസ്രോതസ്സിന് സമീപം ഒന്നിനേയും മറവ് ചെയ്യാൻ പാടില്ലെന്ന നിലപാട് പൊതുവിൽ നാം സ്വീകരിക്കേണ്ടതുണ്ട്.

വനം കത്തി നശിക്കുന്നത് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. എല്ലാവർഷവും വനം കത്താറുണ്ടെന്നാണ് എല്ലാവരും പറയുന്നത്. ഇത്തവണ ആദ്യമായി വനം കത്തി നശിക്കുന്നത് തടയുന്നതിനുവേണ്ടി എയർ ഫോഴ്സിനെ സമീപിച്ചു. അങ്ങനെ ഹെലികോപ്റ്റർ മുഖേന കത്തുന്നത് തടയാനുള്ള നടപടികൾ സ്വീകരിച്ചു. അത് ഫലപ്രമായിട്ടുണ്ട്. വനം കത്തിക്കൊണ്ടിരിക്കുന്നു. ആളുകൾക്ക് എന്ത് ചെയ്യാൻ സാധിക്കും? കൂട്ടമായി മരം കത്തുമ്പോൾ ഏതാനും ആളുകൾക്ക് തീ

കെട്ടത്താൻ സാധിക്കുമോ? അതിന് മുകളിൽനിന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നതാണ് പരിഹാര മാർഗ്ഗം. ഇനി വനം കത്തുന്ന സ്ഥിതിയുണ്ടാകുമ്പോൾ അപ്പോൾത്തന്നെ ഹെലികോപ്റ്റർ ഉപയോഗിച്ച് തീ കെട്ടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് ഇപ്പോൾ നൽകിയിട്ടുള്ള നിർദ്ദേശം. അത് ഇപ്പോൾ പ്രായോഗികമായിട്ടുണ്ട്. ഇനി അങ്ങനെയുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. ഇത്തരം കാര്യങ്ങളിലൊക്കെ ഫലപ്രദമായ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുക എന്നതന്നെയാണ് ആലോചിക്കുന്നത്. മനുഷ്യസാദ്ധ്യമായ കാര്യങ്ങളെന്നുപറയുമ്പോൾ, ഇന്നത്തെ കാലത്ത് ക്ലൗഡ് സീഡിംഗ് വലിയൊരു പ്രശ്നമാണ്. ക്ലൗഡ് സീഡിംഗ് ഇന്ത്യയിലും വിദേശത്തുമൊക്കെ ഭാഗികമായി വിജയിച്ച പദ്ധതിയാണ്. കരിമേഘങ്ങളെ റഡാർ ഉപയോഗിച്ച് കണ്ടെത്തി മഴ പെയ്യിക്കാനുള്ള കെമിക്കൽ പ്രയോഗമാണിത്. ഇത് ഭാഗികമായി വിജയിക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വിദേശ വാർത്തകളിൽ ഇത് സജീവമായി നിലനിൽക്കുന്നുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ ദിവസം ലണ്ടനിലും ദുബായിലും

ഇതുപോലെ മഴ പെയ്യിച്ചു; വളരെ വിജയകരമായി പൂർത്തീകരിച്ചു എന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഞാൻ പരാമർശിച്ചത്. മഴയുടെ ശക്തി വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയമായ പരിശ്രമമാണ് നടത്തുന്നത്. ഇത് ആഗോളമായിത്തന്നെ വിജയിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്ത് മഹാരാഷ്ട്രയിലും ആന്ധ്രപ്രദേശിലുമൊക്കെ ഇത് പരീക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത് കോസ്റ്റ്ലിയാണോ എന്നതിൽ സംശയമുണ്ട്. താരതമ്യേന ചെലവ് കുറഞ്ഞതാണെന്ന അഭിപ്രായവും പറയുന്നുണ്ട്. ഇവിടെ പ്രയോഗത്തിൽ വന്നിട്ടില്ല, ഇതിന്റെ എല്ലാവശങ്ങളും നമുക്ക് പരിശോധിക്കാം. ഇങ്ങനെ മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും പരിശോധിക്കാം. ഇത് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ചേരിതിരിഞ്ഞ് ചർച്ച ചെയ്യേണ്ട വിഷയമല്ല. നമ്മുടെ നാട് നേരിടുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമാണിത്. ഏത് നടപടി സ്വീകരിച്ചും ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. ഈ വിഷയത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതായിരിക്കും.

മി. സ്പീക്കർ: ക്ഷമിക്കണം, വൈദ്യുതി വിതരണത്തിൽ ചെറിയ തകരാറുള്ളതിനാൽ അഞ്ച് മിനിട്ട് നേരത്തേയ്ക്ക് സഭ നിർത്തിവയ്ക്കുകയാണ്.

(വൈദ്യുതി വിതരണത്തിലെ തകരാർ നിമിത്തം രാവിലെ 10.22-ന് നിർത്തിവച്ച സഭ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ രാവിലെ 10.30-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് അടിയന്തരപ്രമേയമായി പ്രതിപക്ഷം ഉന്നയിച്ചത്. ശ്രീ. ഷാഫി പറമ്പിൽ കേരളം അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ വരൾച്ചയെ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണോ വരൾച്ചയുണ്ടായതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചോദിച്ചു. ഞങ്ങൾ അങ്ങനെ കാണുന്നില്ല. ഏതെങ്കിലും ഗവൺമെന്റിന്റെ കുറ്റം കൊണ്ടല്ല വരൾച്ചയുണ്ടാകുന്നത്. രണ്ട് തരത്തിലാണ് വരൾച്ചയുണ്ടാകുന്നത്. ഒന്ന്, പ്രകൃതി ദുരന്തവും മറ്റൊന്ന് മനുഷ്യനുണ്ടാക്കുന്ന ദുരന്തവുമാണ്. കേരളത്തെ സംബന്ധിച്ച് ഇതുരണ്ടും പ്രസക്തമാണ്.

ഇതുരണ്ടുംകൂടി ചേരുമ്പോഴാണ് കേരളത്തിൽ ഈ നൂറ്റാണ്ട് കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ വരൾച്ചയുണ്ടായിട്ടുള്ളത്. ഒരു ക്രൈസിസ് ഉണ്ടാകുമ്പോൾ ഗവൺമെന്റ് ആ ക്രൈസിസിനെ എങ്ങനെ മാനേജ് ചെയ്യുന്നു എന്നതാണ് പ്രധാനം. ഇക്കാര്യത്തിൽ ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. നമ്മൾ എല്ലാവരും യോജിച്ചുനിന്നുകൊണ്ട് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ള അഭിപ്രായത്തോട് ഞങ്ങൾക്ക് വിയോജിപ്പില്ല. പക്ഷേ റവന്യൂ വകുപ്പുമന്ത്രിയാണ് ഇതിന് ചുമതല വഹിക്കുന്നത്. അദ്ദേഹത്തിന്റെ വരണ്ടുണങ്ങിയ പ്രസംഗമാണ് ഈ സഭ കേട്ടത് എന്നുപറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരൻ നല്ല വ്യക്തിയും സൗമ്യനുമാണ്. പക്ഷേ വ്യക്തി നല്ലതായതുകൊണ്ട് കാര്യമില്ല. റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട മന്ത്രി പരാജയപ്പെട്ടു എന്ന് പറയേണ്ടി വരുന്നതിൽ എനിക്ക് വിഷമമുണ്ട്. ഈ സഭ ഒക്ടോബർ 31-ന് വരൾച്ചയെപ്പറ്റിയുള്ള അടിയന്തരപ്രമേയം പരിഗണിച്ചു. ബഹുമാനപ്പെട്ട അംഗം വി. എസ്. ശിവകുമാറായിരുന്നു അന്ന് പ്രമേയം അവതരിപ്പിച്ചത്. അന്ന് റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കേരളത്തെ വരൾച്ചാ ബാധിതമായി

പ്രഖ്യാപിച്ചു. ഇപ്പോൾ അഞ്ച് മാസത്തോളമാകുന്നു. തീരുമാനങ്ങളും പ്രഖ്യാപനങ്ങളും ജില്ലാകളക്ടർമാരുമായുള്ള വീഡിയോ കോൺഫറൻസിംഗുമൊക്കെ നടന്നു എന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ജില്ലാ കളക്ടർമാർക്കാവശ്യമായ പണം കൊടുത്തിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് ജില്ലാ കളക്ടർമാർക്ക് ആദ്യഗഡുവായി 5 കോടി രൂപവീതം കൊടുക്കുകയും കളക്ടർമാർക്ക് discretionary power നൽകുകയും ചെയ്തു. എന്തുപറഞ്ഞാലും കിയോസ്കുകൾ സ്ഥാപിക്കുന്ന കാര്യമാണ് നിങ്ങൾ പറയുന്നത്. എവിടെയാണ് കിയോസ്കുകൾ വച്ചിട്ടുള്ളത്. കേരളത്തിലെ 140 മണ്ഡലങ്ങളിൽ പല സ്ഥലത്തും കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ? കുടിവെള്ളം കിട്ടുന്നില്ല, പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നില്ല. ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം വളരെ വലുതാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എം.എൽ.എ. മാർ കുടിവെള്ളം വേണമെന്ന് കളക്ടർമാരോട് പറഞ്ഞാൽ ലോറികളിൽ കുടിവെള്ളം കൊടുക്കുമെന്നാണ് പറയുന്നത്. എന്നാൽ ഒരു സ്ഥലത്തും കുടിവെള്ളം ലഭിക്കുന്നില്ല. ഇത് അതീവഗുരുതരമായ പ്രശ്നമാണ്. ശുദ്ധജലം ലഭിക്കാതെ ജനങ്ങൾ പ്രയാസപ്പെടുന്ന വിഷയത്തിൽ ഞങ്ങൾ രാഷ്ട്രീയം കലർത്തുന്നില്ല. എന്നാൽ ജില്ലാ ഭരണകൂടം ഈ വിഷയം

പരിഹരിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ടോ? 5 കോടി കൊടുക്കേണ്ട സ്ഥലത്ത് 2 കോടി രൂപ കൊടുത്തതുകൊണ്ട് പ്രയോജനമുണ്ടാകുന്നുണ്ടോ? ആവശ്യമുള്ള പണം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അതേ സ്പിരിറ്റിലെടുക്കുന്നു. പണം കൂടുതൽ കൊടുത്തതുകൊണ്ട് കാര്യമില്ല, അവർക്ക് discretionary power-ഉം നൽകണം. എന്നാൽ മാത്രമേ അവർക്ക് ജോലി ചെയ്യാൻ കഴിയുകയുള്ളൂ. വണ്ടികളിൽ വെള്ളമെത്തിക്കണമെങ്കിൽ അവർക്ക് കൊടുക്കേണ്ട ബില്ലുകൾ യഥാസമയം കൊടുക്കണം. കേരളത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ട് അഞ്ചുമാസത്തോളമായെങ്കിലും മന്ത്രി അക്കാര്യം മറന്നുപോയെന്നാണ് എനിക്ക് തോന്നുന്നത്. ഞങ്ങൾ കഴിഞ്ഞ തവണ വാക്കൗട്ട് പോലും നടത്താതെ ഗവൺമെന്റിനോട് സഹകരിച്ചവരാണ്. വരൾച്ചാ ദുരിതാശ്വാസത്തിനുവേണ്ടി ജില്ലാ കളക്ടർമാരും മന്ത്രിമാരും വിളിച്ചുകൂട്ടിയ യോഗങ്ങളിൽ എല്ലാവരും പങ്കെടുത്തിരുന്നു. പക്ഷേ ജില്ലാതലങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങളൊന്നും നടക്കുന്നില്ല. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ആവശ്യമായ സ്ഥലങ്ങളിൽ എക്സ്റ്റൻഷൻ ലഭിക്കുന്നില്ല. അതുപോലെ കുടിവെള്ളം എത്തിക്കേണ്ട സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാത്ത പരാതികൾ നിലനിൽക്കുന്നു. കേരളം

കണ്ട ഏറ്റവും വലിയ കൃഷിനാശമാണ് ഇത്തവണയുണ്ടായതെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറഞ്ഞു. കൃഷി വകുപ്പുമന്ത്രിയും ഇവിടെയുണ്ടല്ലോ. മുപ്പതിനായിരത്തോളം ഹെക്ടർ സ്ഥലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിച്ചത് ആരുടെ കുറ്റം കൊണ്ടാണ്? എന്തുകൊണ്ടാണ് ജലസേചന വകുപ്പ് ഓരുമുട്ടിടാഞ്ഞത്. രാജാക്കൻമാരുടെ ഭരണകാലം മുതൽ എല്ലാ കാലഘട്ടങ്ങളിലും സമയബന്ധിതമായി ഇടുന്ന മുട്ടുകൾ ഇടാത്തതുകൊണ്ട് മുപ്പതിനായിരത്തോളം ഹെക്ടർ സ്ഥലങ്ങളിലെ കൃഷി നശിച്ചു. പൊന്നാനി, തൃശ്ശൂർ കോൾനിലങ്ങൾ, അപ്പർ കുട്ടനാട് മേഖല, എന്റെ നിയോജകമണ്ഡലമായ ഹരിപ്പാടുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൃഷി നശിച്ചു. പല സ്ഥലങ്ങളിലും കൃഷി നശിച്ചതിന്റെ പ്രധാനപ്പെട്ട കാരണം കൃഷിസ്ഥലത്ത് ഓരു കയറാതിരിക്കാനുള്ള മുട്ടിടാത്തതാണ്. എല്ലാ ജില്ലകളിലും ഇതുപോലുള്ള പ്രതിസന്ധികൾ നിലനിൽക്കുകയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രിയെ കാണുന്നതിനുള്ള അപ്പോയ്ന്റ്മെന്റിനുവേണ്ടി ഡൽഹിയിലെ സ്പെഷ്യൽ റെപ്രസെന്റേറ്റീവിനോട് ചോദിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ എനിക്ക് വലിയ വിഷമം തോന്നി. അങ്ങൊരു ഉത്തരവാദപ്പെട്ട മന്ത്രിയാണ്. അങ്ങ് ഇങ്ങനെ പറഞ്ഞത് വളരെ ബാലിശമായിപ്പോയി.

ആഭ്യന്തര മന്ത്രിയെ കാണണമെങ്കിൽ അങ്ങ് ഡൽഹിയിൽ പോകുകയാണ് ചെയ്യേണ്ടത്. ആഭ്യന്തര മന്ത്രിയെ കാണാൻ പ്രയാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇത്രയും ദിവസമായിട്ടും എന്തുകൊണ്ടാണ് മെമ്മോറാണ്ടം കൊടുക്കാഞ്ഞത്. അങ്ങ് പറയുന്നത് ഈ സമയത്ത് കേന്ദ്ര സംഘം കേരളം സന്ദർശിച്ചാൽ ഇവിടെ പച്ചപ്പുള്ളതിനാൽ നമുക്ക് ദോഷമാകുമെന്നാണ്. അത് ശരിയല്ല. മുമ്പും കേരളത്തിലെ വരൾച്ചയും വടക്കേ ഇന്ത്യയിലെ വരൾച്ചയും തമ്മിൽ വ്യത്യാസമുണ്ട്. കേരളത്തിലെ ജലാശയങ്ങൾ പരിപൂർണ്ണമായി വറ്റിവരളാറില്ല. അത് കേന്ദ്ര സംഘത്തിനും അറിയാവുന്ന കാര്യമാണ്. രാജസ്ഥാനിലോ ഉത്തർപ്രദേശിലോ മധ്യപ്രദേശിലോ ഉണ്ടാകുന്ന വരൾച്ചയുടെ സ്വഭാവമല്ല കേരളത്തിലുള്ളത്. കേരളത്തിൽ നാണ്യവിളകളും കൃഷിയും നശിക്കുകയും ജലാശയങ്ങളും കിണറുകളും വറ്റിവരളുകയും ജലസ്രോതസ്സുകളില്ലാതാകുകയും ജനങ്ങൾ കുടിവെള്ളത്തിന് ബുദ്ധിമുട്ടുകയും ചെയ്യുന്നു. വടക്കേ ഇന്ത്യയിൽ ഉത്തർപ്രദേശിൽ 50 കിലോമീറ്റർ നടന്നുപോയിവേണം വെള്ളം ശേഖരിക്കാൻ. അവിടത്തെ പ്രത്യേകതയും നമ്മുടെ സാഹചര്യവും വ്യത്യസ്തമാണ്. അത് കേന്ദ്രത്തിന് മനസ്സിലാകും. ഇന്നും ഇന്നലെയുമല്ല കേരളത്തിൽ വരൾച്ചാ ദുരിതാശ്വാസ

പ്രവർത്തനങ്ങളുണ്ടാകുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ ആ വാദം ശരിയല്ല. നിങ്ങൾ മെമ്മോറാണ്ടം നേരത്തെ കൊടുക്കേണ്ടതായിരുന്നു, കേന്ദ്ര സംഘം കേരളം സന്ദർശിക്കേണ്ടതായിരുന്നു. നാലഞ്ച് മാസമായി ഈ സ്ഥിതിവിശേഷത്തെ നമ്മൾ ലാഘവബുദ്ധിയോടുകൂടി കണ്ടു എന്നത് ഗുരുതരമായ പ്രശ്നം തന്നെയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം വളരെ ഗൗരവമായി അവതരിപ്പിക്കുന്നത്. മെമ്മോറാണ്ടം കൊടുത്തിരുന്നെങ്കിൽ കേന്ദ്രസംഘം കേരളം സന്ദർശിക്കുമായിരുന്നു. വയനാട്ടിൽ മണ്ണിരകൾ പോലും മരിക്കുന്നതിന്റെ കാരണം കാലാവസ്ഥയിലുണ്ടാകുന്ന മാറ്റമാണ്. കാട്ടുതീയുടെ കാര്യം പറഞ്ഞു, ഈ സഭയിൽത്തന്നെ ഇതുസംബന്ധിച്ച് ഞാൻ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. വനം വകുപ്പുമന്ത്രിയോട് ഈ വിഷയം ഗൗരവമായി കാണണമെന്ന് ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം ഗൗരവമായെടുത്തോയെന്ന് എനിക്കറിയില്ല. ഏതായാലും കാട്ടുതീ പടരുകയാണ്. ഇവിടെ ജൈവവൈവിധ്യങ്ങൾ തകരുകയും പക്ഷിമൃഗാദികൾ നശിക്കുകയും ചെയ്യുന്നു. മലബാർ കളക്ടറായിരുന്ന വില്യം ലോഗൻ 130 വർഷം മുമ്പ് എഴുതിയ മലബാർ മാന്വലിൽ, മഴ ഇനി എപ്പോഴുണ്ടാകുമെന്ന് ഒരാളോട് അന്വേഷിച്ചപ്പോൾ മാർച്ച് 22-ന് ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് എന്ന്

അളന്നുമുറിച്ച ഉത്തരം കിട്ടിയതായി പറയുന്നുണ്ട്. അതുപോലെ തന്നെ സംഭവിക്കുകയും ചെയ്തു. ഈ സ്ഥിരത ഇന്ന് നമുക്കില്ല. പണ്ടുള്ള ആളുകൾ ഇന്ന ദിവസം മഴ പെയ്യുമെന്ന് പറയുമായിരുന്നു. ഇന്നത് പറയാൻ കഴിയുന്നില്ല. കാരണം പ്രകൃതിയിലുണ്ടായ മാറ്റമാണ്. അതോടൊപ്പം നമ്മൾ തന്നെ പ്രകൃതിക്കേൽപ്പിച്ച ആഘാതം, കാലാവസ്ഥാ വ്യതിയാനം ഇതെല്ലാംകൂടി കണക്കിലെടുത്താൽ അതീവഗുരുതരമായ സാഹചര്യമാണുള്ളത്. വേനൽ മഴ കിട്ടുമെന്ന് കരുതിയെങ്കിലും വേനൽ മഴയുമില്ല. കാലവർഷവും ഇടവപ്പാതിയും ചതിച്ചു, വേനൽ മഴയും ലഭിക്കാതെയായി. വറ്റിവരണ്ട് ഉണങ്ങുന്ന ഭാരതപ്പുഴയുടെ ചിത്രം മലയാള ദിനപത്രത്തിൽ കാണാനിടയായി. കേരളത്തിന്റെ സാംസ്കാരികത്തനിമയുടെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് ഭാരതപ്പുഴ. 44 നദികളിൽ മിക്കവാറും നദികളെല്ലാം വരണ്ടുണങ്ങി പോയിരിക്കുകയാണ്. അതീവ ഗുരുതരമായ ഈ പ്രശ്നത്തെ നമ്മൾ എങ്ങനെ കാണുന്നുവെന്നുള്ളതാണ് പ്രശ്നം. ബഹുമാന്യനായ മുഖ്യമന്ത്രി കണ്ണൂരിൽ പുലി ഇറങ്ങിയതിനെക്കുറിച്ച് പറഞ്ഞു. കുടിക്കാൻ വെള്ളം കിട്ടാത്തതുകൊണ്ടാണ് പുലി നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. മറ്റ് മൃഗങ്ങളും കാട്ടിൽ നിന്ന് നാട്ടിലേയ്ക്ക് ഇറങ്ങുന്നു. കാട്ടാനയുടെ ശല്യം ആളുകൾക്ക് ഏറ്റവും വലിയ പ്രശ്നമാണ്. ശ്രീ.

സണ്ണി ജോസഫിന്റെ മണ്ഡലത്തിൽ ഒരു കർഷകനെ ആന ചവിട്ടിക്കൊന്നു. ഞാൻ അവിടെ പോയിരുന്നു. അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, ആനക്കൂട്ടങ്ങൾ കുടിവെള്ളത്തിനായി ഇറങ്ങാറുണ്ടെന്നാണ്. മൃഗങ്ങൾക്കും മനുഷ്യർക്കും ഒരുപോലെ ഗുരുതരമായ പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായെടുക്കണം; നിയമസഭ ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്. മാത്രമല്ല, ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രകൃതിയുടെ മാറ്റം, ഭൂമിയുടെയും കടലിന്റെയും ചൂട് ഇതെല്ലാം ഗൗരവമായി എടുക്കേണ്ട കാര്യങ്ങളാണ്. സാധാരണ കണിക്കൊന്ന പുഷ്പിക്കുന്നത് ഏപ്രിൽ മാസത്തിലാണ്. ഇപ്പോൾ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കണിക്കൊന്ന പുഷ്പിക്കുന്നതായി കാണുന്നു. പ്രകാശത്തിന്റെ തീവ്രത കൂടുമ്പോഴാണ് കണിക്കൊന്ന പുഷ്പിക്കുന്നത്. ഏപ്രിൽ മാസത്തെ ചൂട് ഫെബ്രുവരി മാസത്തിൽ അനുഭവപ്പെടുകയും ചെടികളുടെ ആന്തരിക ഘടികാരത്തിൽ ചൂടുമൂലം വ്യത്യാസം വരികയും ചെയ്യുന്നു. ഇത് വൻ വരൾച്ചയുടെ ലക്ഷണമാണ് ചൂണ്ടിക്കാണിക്കുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നൂറ്റാണ്ട് കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ വരൾച്ച ഉണ്ടാകുമ്പോൾ ഗവൺമെന്റ് അത് ഗൗരവത്തോടെയെടുക്കുകയും ജില്ലാ

ഭരണകൂടത്തെ അലെർട്ട് ചെയ്ത് ജനങ്ങൾക്ക് ആശ്വാസം എത്തിക്കുകയും ചെയ്യണമെന്നുള്ളതുമാണ് ഞങ്ങൾ പറഞ്ഞതിന്റെ ഉദ്ദേശ്യം. കുടിവെള്ളം ലഭിക്കാത്ത പ്രശ്നത്തിന് നമ്മൾ കോൺഫറൻസ് കൂടിയിട്ട് കാര്യമില്ല. ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. രണ്ടാം തവണയും ഇക്കാര്യം ഇവിടെ ചർച്ച ചെയ്യേണ്ടി വന്നത് വളരെ ദൗർഭാഗ്യകരമായിപ്പോയി. റവന്യൂ വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടുകളോട് ഞങ്ങൾക്ക് തൃപ്തിയില്ല. മുഖ്യമന്ത്രി ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അക്കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. പ്രഖ്യാപനങ്ങളൊക്കെ നടത്തിയിട്ടും നാട്ടിൽ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്തതും അതുപോലെ നിങ്ങൾ പ്രഖ്യാപിച്ച മേഖലകളിൽ വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വൻതോതിലുള്ള ജലചൂഷണം നടക്കുമ്പോൾ അത് തടയാൻ കഴിയാതെ വരുന്നതും വളരെ ഖേദകരമാണ്. ഇത് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഗൗരവമായി നേരിടുന്ന പ്രശ്നമാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വ്യാവസായിക ആവശ്യത്തിന് ജലചൂഷണം നടക്കുന്നുവെന്ന് പറയുന്ന

പ്രദേശത്തെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച പാലക്കാട്-പെപ്സിയുടെ കാര്യത്തിൽ, ജില്ലാ ദുരന്ത നിവാരണ സമിതിയെടുത്ത തീരുമാനമനുസരിച്ച്, കളക്ടറുടെ ഉത്തരവ് പ്രകാരം അവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന്റെ 75 ശതമാനം കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. 52.31 കോടി രൂപ ഇപ്പോഴും വിവിധ ജില്ലകളിലായി കുടിവെള്ളത്തിന് വിതരണം ചെയ്യാൻ നൽകിയതിൽ അവശേഷിക്കുന്നു. ഒന്നുമില്ലെന്ന രീതി ശരിയല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ദൃശ്യമാധ്യമങ്ങളിലടക്കം തിരുവനന്തപുരം ജില്ല പോലെ പല സ്ഥലങ്ങളിൽ നിന്നും ഇത്തരം കുടിവെള്ള ചൂഷണം നടക്കുന്നുവെന്ന വാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. അങ്ങ് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ നല്ലകാര്യം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്നാമത്, ക്ലൗഡ് സീഡിംഗിനെക്കുറിച്ചാണ് പറഞ്ഞത്. ക്ലൗഡ് സീഡിംഗ് മഹാരാഷ്ട്രയിലും കർണ്ണാടകയിലും വിദേശ രാജ്യങ്ങളിലും പരീക്ഷണം നടത്തി വിജയിച്ചിട്ടുള്ളതാണ്. കേരളത്തിൽ മഴക്കാറ് കൂടുതൽ സജീവമായി

നിൽക്കുന്നതുകൊണ്ട് ഉപ്പ് ഉപയോഗിച്ച് നടത്തുന്ന ക്ലൗഡ് സീഡിംഗ് ഫലപ്രദമാണെന്നുള്ളതാണ് പുതിയ വിലയിരുത്തൽ. മാത്രമല്ല, ശാസ്ത്രീയമായി പരീക്ഷിച്ചിട്ടുള്ളവർ പറയുന്നത്, പഴയ കാലത്ത് ചെയ്യുന്നതുപോലെ ഉപ്പ് ഉപയോഗിച്ച് ശാസ്ത്രീയമായി ചെയ്യുന്നത് കേരളത്തിൽ പ്രായോഗികമാണെന്നാണ്. കൂടുതൽ പണച്ചെലവില്ലെന്ന അഭിപ്രായവും ശരിയാണ്. തീർച്ചയായും കേരളത്തിൽ ക്ലൗഡ് സീഡിംഗ് പരീക്ഷിക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. രണ്ടാമത്, കടൽ വെള്ളവും പാറമടയിലെ വെള്ളവും ശുദ്ധീകരിച്ച് ആളുകൾക്ക് കുടിവെള്ളമായി കൊടുക്കാൻ കഴിയുമോയെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. ഏതായാലും അങ്ങയുടെ നിർദ്ദേശങ്ങളോട് യോജിക്കുന്നുണ്ടെങ്കിലും ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കൂടുതൽ സംസാരിച്ചിട്ട് കാര്യമില്ല, ഞാൻ ഒറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. ഫീൽഡിലുള്ള വസ്തുത റവന്യൂ വകുപ്പുമന്ത്രി മനസ്സിലാക്കണം. മുഖ്യമന്ത്രി ചില കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്

പറഞ്ഞു. ഇതിനകമുള്ള വരൾച്ചയെ നേരിടാനുള്ള ഒരുക്കം നടന്നതായി പഞ്ചായത്ത് പ്രസിഡന്റുമാരോ എം.എൽ.എ.മാരോ പറയുന്നില്ല. കളക്ടേറ്റിൽ അന്വേഷിക്കുമ്പോൾ ഫണ്ട് വന്നിട്ടില്ലെന്നാണ് പറയുന്നത്. വരൾച്ച ആയിട്ടില്ലെന്നുള്ളതാണ് അങ്ങയുടെ മറുപടിയിൽ പ്രതിഫലിക്കുന്നത്. ഇപ്പോൾ കേന്ദ്രസംഘം വന്നാൽ വെള്ളമുണ്ടെന്ന ധാരണ ശരിയല്ല. കുടിവെള്ളത്തിന്റെ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെയുണ്ട്. ഇപ്പോഴുള്ള വെള്ളം ഒഴുകിപ്പോകാതെ തടണയോ മറ്റോ കൊണ്ട് സോഴ്സിൽ സംരക്ഷിക്കാതിരുന്നാൽ എവിടെ നിന്നാണ് വെള്ളം കിട്ടുന്നത്. കുറച്ചുകൂടി വരട്ടെ, യു.പി. യിലെ തെരഞ്ഞെടുപ്പ് കഴിയട്ടെ, കത്ത് എഴുതിയിട്ടുണ്ട്, ആഭ്യന്തര വകുപ്പുമന്ത്രിയുടെ അപ്പോയിന്റ്മെന്റ് ചോദിച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. കുറച്ചുകൂടി വരണ്ടാലേ ആഭ്യന്തര സംഘം വന്നിട്ട് കാര്യമുള്ളൂവെന്ന് ഈ ഫ്ലോറിൽ പറയുന്നത് തന്നെ അപകടമാണ്. നമ്മൾ വേണ്ടത്ര വരണ്ടുകഴിഞ്ഞു. ഇനി നീർച്ചാൽ പോലെ ഒഴുകുന്ന വെള്ളം തടഞ്ഞുനിർത്താൻ ശ്രമിച്ചില്ലെങ്കിൽ സോഴ്സിൽ വെള്ളമുണ്ടാകില്ല. സോഴ്സുകളിൽ വെള്ളമില്ലെങ്കിൽ എവിടെ നിന്നും ലോറികളിൽ ശേഖരിച്ച് വിതരണം നടത്തും. കിയോസ്ക് എല്ലാത്തിനുമുള്ള പരിഹാരമാണെന്ന അങ്ങയുടെ ധാരണ ശരിയല്ല.

കാരണം ഇവിടെ ഏറ്റവും അടിയന്തര പ്രശ്നമെന്നുപറയുന്നത് വരൾച്ചയുടെ ഗൗരവം ഉൾക്കൊണ്ട് ശരിയായ കോർഡിനേഷൻ കൊണ്ടുവരണമെന്നുള്ളതാണ്. മന്ത്രിമാർക്ക് ജില്ലയിൽ ചാർജ്ജുണ്ടെങ്കിൽ അവർ ഉടൻ യോഗം വിളിച്ച് ഗൗരവത്തിലെടുത്ത്........ എമർജൻസി സിറ്റുവേഷനാണെങ്കിൽ ചെയ്യാവുന്ന കുറച്ച് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതൊക്കെ നടപ്പിലാക്കാനാവശ്യമായ ഫണ്ട് കൊടുക്കുകയും, നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ബെസ്റ്റ് കോർഡിനേഷൻ നടത്തുകയും ചെയ്യണം. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഗൗരവം ഉൾക്കൊണ്ട പ്രവർത്തനം ഫീൽഡിലും മറുപടിയിലും കാണുന്നില്ലെന്നുള്ളതാണ് നമുക്ക് ലഭിച്ച മെസേജ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, അതിരൂക്ഷമായ വരൾച്ചയാണെന്നാണ് എല്ലാവരും പറയുന്നത്. 72 ശതമാനം കിണറുകളിലെ വെള്ളം വറ്റിയിരിക്കുന്നു.

പ്രകൃതിക്ക് വരൾച്ച ഉണ്ടായാലും ഗവൺമെന്റിന് വരൾച്ച ഉണ്ടാകാൻ പാടില്ല. കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറയുന്നു. പല പഞ്ചായത്തുകളിലും കുടിവെള്ള വിതരണം ശരിയായി നടക്കുന്നില്ലെന്ന് അന്വേഷിച്ചാൽ മനസ്സിലാകും. ആളുകൾ കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുകയാണ്. വാട്ടർ അതോറിറ്റി കരാറുകാർക്ക് പണം കൊടുത്തിട്ടില്ലാത്തതിനാൽ അവർ പണി നിർത്തിവച്ചിരിക്കുന്നു. എല്ലായിടത്തും സ്തംഭനമാണ് കാണുന്നത്. ഗവൺമെന്റ് തുറന്ന മനസ്സോടുകൂടി കാര്യങ്ങൾ കാണണം. കുറ്റപ്പെടുത്താൻവേണ്ടി പ്രതിപക്ഷം പറയുന്നതല്ല. വളരെ ഗൗരവത്തോടെ കാണേണ്ട ഈ വിഷയത്തിന് എത്രയുംവേഗം പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. കോൺഫറൻസ് നടത്തുന്നതും ഉദ്യോഗസ്ഥരെ നിയമിക്കുന്നതും നല്ല കാര്യമാണ്. കാര്യത്തിലേയ്ക്കുവന്ന് ഫലമുണ്ടാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ടും ഗവൺമെന്റ് കാണിക്കുന്ന ഉദാസീനതയിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടുപുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെയൊരു മിനിചർച്ച നടന്നത് നല്ല കാര്യമാണ്. റെഗുലറായി ഉണ്ടാകുന്ന ഈ പ്രശ്നത്തിന് ലോംഗ്ടേം കാഴ്ചപ്പാടിൽ പരിഹാരമുണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ വരുന്നില്ല. ചില നിർദ്ദേശങ്ങൾ കൊടുക്കുകയും കുറച്ച് പണം വിതരണം ചെയ്യുകയും ചില കാര്യങ്ങൾ ചെയ്യുകയും അടിസ്ഥാന കാര്യങ്ങളെപ്പറ്റി പരാമർശം നടത്തുകയും ചെയ്തെങ്കിലും അതുകൊണ്ട് പരിഹാരം ആകുന്നില്ല. ഇന്ന് മണലാരണ്യമായിട്ടുള്ള രാജസ്ഥാന്റെ പല ഭാഗത്തും കേരളത്തിനേക്കാൾ കൂടുതൽ മരങ്ങൾ ഉണ്ടായിരുന്നതാണ്. അശ്രദ്ധ കൊണ്ടാണ് ഇന്നത്തെ രീതിയിലായി തീർന്നത്. അതിന്റെ പാഠം നാം ഉൾക്കൊള്ളണം. ഗൾഫിൽ വെള്ളത്തിന് ക്ഷാമമില്ലെന്നുള്ളതാണ് അവിടെ പോയപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ച ഒരു കാര്യം. കാരണം, കടൽവെള്ളം ശുദ്ധീകരിച്ച് പ്രയോജനപ്പെടുത്താനുള്ള സംവിധാനങ്ങൾ അവർ ആവിഷ്ക്കരിച്ചിട്ടുണ്ട്. നമുക്ക് എന്തുകൊണ്ട് അതിനെക്കുറിച്ച് പഠനം നടത്തിക്കൂടെ? ഈ വക ലോംഗ്ടേം കാഴ്ചപ്പാട് കൂടി ഉണ്ടാകണമെന്ന സജഷൻ മാത്രമാണ് എനിക്ക് പറയാനുള്ളത്. മിനിചർച്ച നടന്ന സാഹചര്യത്തിൽ ഞാൻ കൂടുതൽ സംസാരിക്കുന്നില്ല.

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)